Vol. 19. No. 3.

# കർമ്മലകുസുമം

# The Flower of Carmel



പ്രതിമാസപത്രിക.

March, 1921.

# വിഷയ വിവരണിക.


പേജ്

1. മംഗളം. 49
ശ്രീമാൻ കട്ടക്കയത്തിൽ ചെറിയാൻമാപ്പിള.

2. മാർ യൌസേപ്പുപിതാവിൻെറ മാദ്ധ്യസ്ഥപ്രസ്താവനായുടെ സ്വർണ്ണജൂബിലി. ,,
മാർ തോമ്മാ മെത്രാനച്ചൻെറ ഇടയലേഖനത്തിൽ നിന്നു.

3. ഒരുനേരത്തിൻെറ കടമ. റെവ. ഫാദർ ഫില്ലാദെയ്യാൻ സി. ഡി. 51

4. ദൈവജനനിയുടെ തിരുസ്ഥലങ്ങളും സഭകളും. 52
വെറി റെവ. ഫാദർ അലക്സാണ്ടർ സി. ഡി.

5. അനുതാപസങ്കീർത്തനം (പദ്യം) 55
റെവ. ഫാദർ സൈമൺ സി. ഡി.

6. ഇറന്ന വേദപുസ്തകം. 56
റെവ. ഫാദർ കോശി മമ്പലാം ബി. ഏ. എൽ. ടി.

7. ഭാഗ്യമായിരിപ്പാനുള്ള വിദ്യ. 58
ശ്രീമാൻ കെ. പി. പീററർ.

8. ഗൃഹസഖി. 60
ബ. ദിവ്യശ്രീ പി. കെ. അന്തോനി കത്തനാർ.

9. അൾത്താരമേൽ ഉറക്കം. 61
ശ്രീമാൻ തോമ്മസ് മലയിൽ.

10. കർമ്മെലനാഥയുടെ കുഞ്ഞുമക്കൾക്ക്. 63
സ്വന്താ കൊച്ചച്ചൻ.

11. ദിവ്യരക്ഷകൻെറ കഷ്ടാനുഭവസ്മരണ. 65
റെവ. ഫാദർ മാത്യു പുതിയിടം.

12. തിരുഹൃദയ പൊതുനിയോഗം. 67

13. ചോദ്യപ്പെട്ടി. 68

14. യൌസേപ്പിൻെറ പക്കൽ പോകുവിൻ. (സമസ്യ.) 69
നമ്മുടെ യുവകവികൾ.

15. പുസ്തകാഭിപ്രായം. 70

16. വർത്തമാനക്കുറിപ്പുകൾ.

17. പഞ്ചാംഗം. പരസ്യങ്ങൾ.


---

# വരിക്കാരറിവാൻ.

മാന്യവരിക്കാർ മാസികസംബന്ധമായി ഞങ്ങൾക്കയക്കുന്ന എല്ലാ എഴുത്തുകളിലും മണിയോർഡറുകളിലും അവരവരുടെ മേൽവിലാസത്തോടുകൂടി ചേർത്തിട്ടുള്ള രജിസ്റ്റർനമ്പരും വ്യക്തമായി എഴുതിയിരിക്കേണ്ടതാണ്. മാനേജർ.

# കർമ്മെല കുസുമം.

പുസ്തകം ൧൯. ൧൯൨൧ മാർച്ച്. ലക്കം ൩.

## മംഗളം.

വർഷം പൊയ്പോയിതൊന്നാപ്പദമിതരമെട്ടത്തെത്തി വൈകാതെ ലോകാ-
കർഷത്താൽ മാനമർത്ഥം സുഖമിവമനുജശ്രേണിമോഹിച്ചിടുന്നു
തർഷം നിസ്സീമമത്രെ ജനനിമറിയമേ! വന്ദ്യയാം നിൻപ്രസാദോൽ-
കർഷത്താൽ പുത്തനാണ്ടീ മമ പെരുമഴപോൽ മംഗളം ചേർത്തിടട്ടെ!

കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള.

## മാർ യൗസേപ്പു പിതാവിൻെറ മാദ്ധ്യസ്ഥപ്രസ്താവനയുടെ സ്വർണ്ണജൂബിലി.

(നി. വ. ദിവ്യശ്രീ കണ്ടാളശ്ശേരിൽ മാർ തോമ്മാമെത്രാനച്ചൻ തിരുമനസ്സിലെ ഒരിടയ ലേഖനത്തിൽനിന്ന്)

"നിങ്ങൾ യൗസേപ്പിൻെറ പക്കൽ പോകുവിൻ; നിങ്ങളുടെ ആവശ്യങ്ങളേ അയാളെ അറിയിപ്പിൻ, അയാൾ നിങ്ങളോടാജ്ഞാപിക്കുന്നപ്രകാരം പ്രവർത്തിപ്പിൻ."

വന്ദ്യസഹോദരരേ! സ്നേഹ: മക്കളേ!

൧൮൭൦ ഡിസംബർ ൮-ാംതീയതി നിത്യസ്മരണസ്കൂർഹനായ ഒൻപതാം പീയൂസു പാപ്പാ വിശുദ്ധ യൗസേപ്പിനെ തിരുസഭയുടെ സംരക്ഷകനായി പ്രഖ്യാപനം ചെയ്തിട്ടു ഈ ഡിസംബർ ൮-ാംതീയതി ഇതാ അൻപതു സംവത്സരം തികയുന്നു. ഈ അവസരത്തിൽ നമ്മുടെ വിശുദ്ധ പിതാവിൻെറ നേരേയുള്ള ഭക്തിയുടെ മാഹാത്മ്യത്തെയും, ഈ പരിശുദ്ധൻെറ മദ്ധ്യസ്ഥതയിൽ നാം ആശ്രയിക്കേണ്ട ആവശ്യത്തേയും, കഴിഞ്ഞ അൻപതു സംവത്സരങ്ങൾക്കിടയിൽ ഈ പുണ്യവാൻെറ മദ്ധ്യസ്ഥതയാൽ തിരുസഭയ്ക്കു ലഭിച്ചിട്ടുള്ള നിരവധി ഉപകാരങ്ങൾക്കു കൃതജ്ഞത പ്രദർശിപ്പിക്കേണ്ട വിധത്തെയും സംബന്ധിച്ചു നാം നിങ്ങളോടു പറവാൻ പോകുന്ന ചുരുങ്ങിയ ഉപദേശത്തെ സശ്രദ്ധം കേൾക്കണമെന്നു ആദ്യമായി നിങ്ങളെ ഓർപ്പിക്കുന്നു.

ലോകത്തിൽ ഉത്തരവാദിത്വമുള്ള ഓരോ ഉദ്യോഗങ്ങൾക്കായി നിയോഗിക്കപ്പെടുന്നവർ അതതുദ്യോഗങ്ങൾ വേണ്ട

വിധം നിർവഹിക്കുന്നതിനു പ്രാപ്തന്മാരായിരിക്കണമെന്നു നാം ന്യായമായി പ്രത്യാശിക്കുന്നെങ്കിൽ, സ്വർഗ്ഗരാജ്ഞിയുടെയും ദൈവപുത്രന്റെയും സംരക്ഷകനും, തിരുക്കുടുംബത്തിന്റെ ഭരണകർത്താവുമായി, അനന്തജ്ഞാനിയായ ദൈവത്താൽ നിയോഗിക്കപ്പെട്ട ഈ പരിശുദ്ധന്റെ പുണ്യപൂർണ്ണതയും മഹത്വവും എത്രമാത്രമെന്നു നിങ്ങൾതന്നെ അനുമാനിപ്പിൻ. തിരുസഭയുടെ കാവൽക്കാരനും, പുണ്യപൂർണ്ണതയുടെ ദാതാവും നന്മരണത്തിന്റെ പ്രത്യേക മദ്ധ്യസ്ഥനുമായ വി. യൗസേപ്പിന്റെ ഭക്തിയെ പ്രചരിപ്പിക്കുന്നതിനായി ഈ അൻപതു വർഷങ്ങൾക്കിടയിൽ തിരുസഭ അനേക സ്ഥാപനങ്ങളും സഭകളും ഏർപ്പെടുത്തിയിട്ടുണ്ട്. ഈ ചുരുങ്ങിയ കാലാവധികളിൽ ഈ പരിശുദ്ധന്റെ മാദ്ധ്യസ്ഥം മൂലം തിരുസഭയ്ക്കു സിദ്ധിച്ചിട്ടുള്ള സഹായങ്ങൾ നിസ്സീമങ്ങളാണ്.



എന്നാൽ ഇതാ ഇക്കാലം തിരുസഭയ്ക്കു ഒരു വലിയ അപകടം നേരിട്ടിരിക്കുന്ന കാലമാകുന്നു. കത്തോലിക്ക സാമ്രാജ്യത്തിന്റെ കേന്ദ്രസ്ഥാനമായ യൂറോപ്പിൽ, യുദ്ധാനന്തരം വീടും നാടും, നായകന്മാരുമില്ലാതെ വലയുന്ന സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും സംഖ്യ ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു; ധനവാന്മാർ നിർദ്ധനന്മാരായിത്തീർന്നിരിക്കുന്നു. ദാരിദ്ര്യാതിരേകത്താൽ വലയുന്നവരുടെ സംഖ്യ പൂർവാധികം വർദ്ധിച്ചിരിക്കുന്നു. തിരുസഭയെ ഉന്മൂലനം ചെയ്യുന്നതിനു ഇതു തന്നെ ഉത്തമമായ അവസരമെന്നു കരുതി അതിന്റെ ശത്രുക്കൾ രാപകൽ പ്രയത്നിക്കുന്നു. സമത്വവാദികൾ, സ്ത്രീകളും വസ്തുക്കളും പൊതുവായിരിക്കയും, എല്ലാവർക്കും സമാവകാശമുണ്ടായിരിക്കയും ചെയ്യണമെന്നു വാദിച്ചുകൊണ്ട്, ആത്മീയലൗകികാധികാരങ്ങളേയും, സന്മാർഗ്ഗന്യായങ്ങളേയും ലോകത്തിൽനിന്നു പാടേ നശിപ്പിപ്പാൻ ശ്രമിക്കുന്നു. അനാഥരായി ദാരിദ്ര്യത്താൽ കഷ്ടപ്പെടുന്ന സ്ത്രീകളും കുഞ്ഞുങ്ങളും കേവലം നിർദ്ധനാവസ്ഥയെ പ്രാപിച്ചിരിക്കുന്ന പൂർവധനവാന്മാരും അവരുടെ പൈശാചികമായ പ്രേരണയിൽ മയങ്ങി അവരെ അനുഗമിക്കുന്നതിനുള്ള വലിയ അപകടത്തിൽ ഉൾപ്പെട്ടിരിക്കുന്നു.

ഈ വിഷമഘട്ടത്തിൽ നിന്നു തിരുസഭയെ സംരക്ഷിക്കുന്നതിനു സഭയുടെ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിനോടു നിങ്ങൾ പ്രാർത്ഥിപ്പിൻ; ദാരിദ്ര്യത്തെ വിശേഷവിധമായി സ്നേഹിച്ചിരുന്ന ഈ വിശുദ്ധ പിതാവിനെ ജനങ്ങൾ അനുകരിക്കുന്നതിനുവേണ്ടി പ്രത്യേകം പ്രാർത്ഥിപ്പിൻ. "അരൂപിയിൽ ദാരിദ്ര്യം അനുഭവിക്കുന്നവർ ഭാഗ്യവാന്മാർ; എന്തെന്നാൽ സ്വർഗ്ഗരാജ്യം അവർക്കുള്ളതാകുന്നു" എന്നരുളിച്ചെയ്ത ദിവ്യരക്ഷകൻ ഈ പുണ്യത്തെ എത്ര വിലമതിക്കുന്നു എന്നു നിങ്ങൾ ആലോചിപ്പിൻ. വി. യൗസേപ്പിന്റെ ദാരിദ്ര്യമെന്ന പുണ്യം മൂലം ദൈവം ഈ പരിശുദ്ധനെ എത്ര ഉന്നതമായ സ്ഥാനത്തിലേക്കു ഉയർത്തി എന്നു നിങ്ങൾ സൂക്ഷിപ്പിൻ. സ്വർഗ്ഗരാജ്ഞിയുടെയും, ദൈവപുത്രന്റെയും പരിപാലകനായി ഈ പരിശുദ്ധനെ നിയോഗിക്കുന്നു. ഈ അത്യുന്നതസ്ഥാനത്തിലേക്കുയർത്തപ്പെട്ടശേഷവും തന്റെ കൈവേലകൾ കൊണ്ടല്ലയോ അദ്ദേഹം ദൈവകുമാരനേയും അവിടുത്തെ മാതാവിനേയും സംരക്ഷിച്ചിരുന്നതു? ദാരിദ്ര്യമെന്ന ഈ വിശിഷ്ടപുണ്യത്തെ സമ്പാദിക്കുന്നതിനു നിങ്ങൾ പ്രത്യേകം ശ്രമിപ്പിൻ. ദാനധർമ്മങ്ങളും തപഃക്രിയകളുംകൊണ്ട് ഈ നോമ്പുകാലത്തെ തിരുസഭയുടെ ആ

ഗ്രഹത്തിനൊത്തവണ്ണം വിനിയോഗിച്ച് നമ്മുടെ ദിവ്യരക്ഷകന്റെ ആഗമനത്തിനു നിങ്ങളെത്തന്നെ തയാറാക്കുവിൻ.

വിശുദ്ധ യൌസേപ്പ് പിതാവിന്റെ ഭക്തിയിൽ ഉത്തരോത്തരം വൎദ്ധിക്കയും, ഈ ഭക്തിയെ പ്രചരിപ്പിക്കയും ചെയ്യുന്നതിൽ നിങ്ങൾ സൎവ്വദാ ജാഗരൂകരായിരിക്കണമെന്നു ഈ അവസരത്തിൽ നാം നിങ്ങളെ പ്രത്യേകം ഓൎപ്പിക്കുന്നു: ഈ പരിശുദ്ധന്റെ ഏഴു സന്താപസന്തോഷങ്ങളെ ധ്യാനിച്ചുകൊണ്ട് ൭ ആ. ൭ നം. ൭ ത്രി. പ്രതിദിനം ചൊല്ലി വരുന്നതു ഈ പുണ്യവാനു വളരെ പ്രസാദിക്കുന്നതാണെന്നു ഈ വിശുദ്ധൻതന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. ബുധനാഴ്ച പതിവായി ദിവ്യപൂജ കാണുകയും, ദിവ്യകാരുണ്യം ഉക്കൊള്ളുകയും മററു ചില സൽകൃത്യങ്ങൾ അനുഷ്ഠിക്കയും ചെയ്യുന്നതുകൊണ്ടു നടന്നിട്ടുള്ളതും നടക്കുന്നതുമായ അത്ഭുതങ്ങൾ അനേകമുണ്ട്. ഈ പുണ്യവാന്റെ നന്മരണസഭവഴിയായി വളരെ ആളുകൾ പുണ്യപൂൎണ്ണതയേയും, നന്മരണത്തേയും പ്രാപിച്ചിരിക്കുന്നു. ഈ വിധമായ ഭക്തികൃത്യങ്ങളേ പ്രവൃത്തിയിൽ വരുത്തുന്നതിനു നിങ്ങൾ പരിശ്രമിപ്പിൻ.

വാത്സല്യമക്കളേ, വി. യൌസേപ്പിന്റെ ഭക്തിയിൽ നിങ്ങൾ അഭിവൃദ്ധിപ്പെടുന്നെങ്കിൽ തിരുക്കുടുംബത്തോടുള്ള ഭക്തി നിങ്ങളിൽ താനേ മുളച്ചുവളൎന്ന് അഭിവൃദ്ധിപ്പെടുമെന്നുള്ളതിൽ തൎക്കമില്ല. തിരുക്കുടുംബത്തോടുള്ള ഈ ഭക്തി വൎദ്ധിക്കുന്നതോടുകൂടി കുടുംബങ്ങളിൽ സമാധാനവും, ആത്മീയവും ലൌകികവുമായ സകല അപകടങ്ങളിലും ആശ്വാസവും നിശ്ചയമായി നമുക്കു ലഭിക്കുന്നതാകുന്നു. എന്നാൽ നിങ്ങൾ മറിയത്തിന്റെയും യൌസേപ്പിന്റെയും സാക്ഷാൽ ഭക്തരായിത്തീരണമെന്നാഗ്രഹിക്കുന്നെങ്കിൽ, ഇവരുടെ പ്രിയ പുത്രന് അഹിതമായ ഒരു പാപം ചെയ്യുന്നതിനേക്കാൾ മരിപ്പാൻ സർവദാ സന്നദ്ധരായിരിപ്പിൻ. തിരുക്കുടുംബത്തെ നിങ്ങളുടെ ആശ്രയവും അഭയസ്ഥാനവുമായി തെരഞ്ഞെടുത്തു മറിയത്തിന്റെയും യൌസേപ്പിന്റെയും തിരുക്കരങ്ങൾ വഴിയായി ഈശോയുടെ തിരുഹൃദയത്തിനു നിങ്ങളുടെ പ്രവൃത്തികളെ സമൎപ്പിപ്പിൻ; അവരുടെ പുണ്യങ്ങളേ അനുകരിപ്പിൻ. പരിശുദ്ധ ത്രിത്വം മറിയത്തിനും യൌസേപ്പിനും ചെയ്തിട്ടുള്ള അനുഗ്രഹങ്ങൾക്കു ഉപകാരസ്മരണ ചെയ്യുന്നതിൽ ഉൽസുകരായിരിപ്പിൻ. തിരുക്കുടുംബത്തിന്റെ ദാരിദ്ര്യാദികഷ്ടതകളേക്കുറിച്ചു ധ്യാനിക്കയും സങ്കടങ്ങളേ ക്ഷമാപൂർവം സഹിക്കുന്നതിനു പരിശീലിക്കയും ചെയ്യുവിൻ. പ്രത്യേകമായി, മാതാപിതാക്കന്മാർ തങ്ങളുടെ കുട്ടികളുടെ വേദപഠനത്തിലും സന്മാൎഗ്ഗവൎദ്ധനത്തിലും പൂർവാധികം ജാഗരൂകരായിരിപ്പിൻ. അപ്പോൾ നിങ്ങൾ സാക്ഷാലുള്ള സമാധാനവും സംതൃപ്തിയും അനുഭവിക്കയും തിരുക്കുടുംബത്തിന്റെ സ്നേഹപൂൎണ്ണമായ ആലിംഗനത്തിനു നിങ്ങൾ പാത്രീഭൂതരാവുകയും സ്വൎഗ്ഗത്തിൽ ഉന്നതകിരീടം നിങ്ങൾക്കു ലഭിക്കയും ചെയ്യുമെന്നുള്ളതിനു യാതൊരു സംശയവുമില്ല.

## ഒരുനേരത്തിന്റെ കടമ.

ഫ്രാൻസിലെ രാജാവായ ൧൫-ാം ലൂയീസുരാജാവ് ഒരിക്കൽ തന്റെ രാജസദസ്സിൽ വച്ചു ഇങ്ങനെ പ്രസ്താവിക്കയുണ്ടായി "അടുത്തകൊല്ലം എനിക്കു ഇരുപത്തൊന്നു വയസ്സു തികയുന്നതാകയാൽ തിരുസ്സഭയുടെ കല്പനപ്രകാരമുള്ള 'ഒരുനേരം' ആരംഭിക്കുന്നതിനു ഇനിമേൽ അവസരം കിട്ടുമല്ലോ" അപ്പോൾ പ്രഭുക്കളിൽ ചിലർ "അയ്യോ! തിരുമനസ്സുകൊണ്ടു ഒരുനേരത്തിനും മററും തുടങ്ങുന്ന പക്ഷം നായാട്ടിനു പോകുന്നതെങ്ങനെ; ആകയാൽ അതു പാടില്ല" എന്നു പ്രത്യുത്തരം പറഞ്ഞു. കുപിതനായ രാജാവ് അതിനു ഈ വിധമാണു ഉത്തരം പറഞ്ഞതു്. "എന്ത്? നായാട്ടിനു പോകുന്നതോ വ

ലിയ കാൎയ്യം, തിരുസഭയുടെ കല്പനകളെ ശരിയായി അനുസരിക്കുന്നതോ? പള്ളിയുടെ കല്പനക്കു ഞാൻ യാതൊരുഭേദവും വരുത്തുന്നതല്ല" കടശി ശത്രുക്കളുടെ കയ്യിലകപ്പെട്ട് കാരാഗൃഹത്തിൽ കിടന്നിരുന്ന നാളുകളിൽ പോലും പുണ്യവാനായ ഈ മഹാരാജാവ്, മാംസ വൎജ്ജന ഒരുനേരം എന്നീ കടമകൾക്കു ഒരിക്കലും ലംഘനം വരുത്തുകയുണ്ടായിട്ടില്ല. നിത്യരക്ഷ പ്രാപിക്കുന്നതിലേക്കു പുതിയ നിയമത്തിൽ ദൈവപ്രമാണങ്ങൾക്കു പുറമേ തിരുസഭയുടെ കല്പനകളും അനുസരിക്കേണ്ടിയിരിക്കുന്നു. ഇപ്രകാരമുള്ള തിരുസഭാകല്പനകളിൽ, മനുഷ്യന്റെ കീഴംശത്തെ മേലംശത്തിനു കീഴ്പെടുത്തിക്കൊണ്ടു പോകുന്നതിനു സഹായമായിട്ടു നിശ്ചയിക്കപ്പെട്ടിട്ടുള്ളതാണ് നോമ്പും ശുദ്ധ ഭോജനവും. ഇരുപത്തൊന്നുവയസ്സു പൂൎത്തിയാകുമ്പോൾ തുടങ്ങി അറുപതു വയസ്സു ആരംഭിക്കുന്നതുവരെ, സത്യക്രിസ്ത്യാനികൾക്കെല്ലാവൎക്കും, ചാവുദോഷത്തിൻകീഴ്, ഒരുനേരത്തിന്റെ കടമയുണ്ടായിരിക്കുന്നു. എന്നാൽ ന്യായമായ കാരണമുള്ളപ്പോഴൊക്കെയും ഇതിൽനിന്നു ഒഴിവുകല്പിച്ചിട്ടുമുണ്ട്. ഇതിനാൽ രോഗികൾ, ഗൎഭിണികൾ, ഭാരപ്പെട്ടവേലകൾചെയ്യുന്നവർ ആദിയായി ഈ ശ്രമതല വഹിക്കുന്നതിനു വാസ്തവത്തിൽ അപ്രാപ്തരായ സകലരേയും സ്നേഹം നിറഞ്ഞ മാതാവായ സഭ ഈ കടത്തിൽ നിന്നൊഴിവാക്കിയിരിക്കയാണ്. അപ്രാപ്തി സാക്ഷാലുള്ളതു തന്നെയോ എന്നു സംശയമുണ്ടാകുമ്പോൾ സ്വന്ത വിധിയെ ആസ്പദമാക്കി പ്രവൃത്തിക്കാതെ കാൎയ്യവിവരമുള്ള മററു വല്ലവരുടേയും ആലോചനയ്ക്കൊത്തു പ്രവൎത്തിക്കുന്നതു എപ്പോഴും സുകരമായിരിക്കും. ഒരുനേര ദിവസത്തിൽ പ്രധാന ഭക്ഷണം ഒരിക്കൽ മാത്രമേ അനുവദിക്കപ്പെട്ടിട്ടുള്ളുവെങ്കിലും ഒരു കോതമ്പുറൊട്ടിയുടെ നാലിലൊന്നോ, അത്രയുംവരുന്ന മററുവല്ല ലഘുഭക്ഷണമോ കാലത്തും, കാലത്തേതിന്റെനാലിരട്ടിയോളംവൈകുന്നേരവുംഭക്ഷിപ്പാൻപാടുള്ളതും, അതു കൊണ്ടു ഒരുനേരത്തിനു യാതൊരു ഭംഗവും ഭവിക്കുന്നതല്ലാത്തതുമാകുന്നു.

ഫാദർ ഹില്ലാരിയോൻ സി. ഡി.

# ദൈവജനനിയുടെ തിരുസ്ഥലങ്ങളും സഭകളും.

## ൩. ലൂർദ്ദ്മാതാവിന്റെ പള്ളി.

ഇപ്പോൾ വിശ്വവിശ്രുതമായിരിക്കുന്ന "ലൂർദ്ദ്" പള്ളിയിൽ ദൈവജനനിയുടെ മാദ്ധ്യസ്ഥം മൂലം നടക്കുന്ന അത്ഭുതങ്ങളെപ്പററി കേട്ടിട്ടില്ലാത്തവർ ചുരുക്കമാണ്. അമലോത്ഭവ മാതാവിന്റെ പ്രസന്നതയാൽ പാവനമായിരിക്കുന്ന ഈ തിരുസ്ഥലത്തു ആണ്ടുതോറും എന്നല്ല മാസംതോറും നടന്നുവരുന്ന വലിയ അത്ഭുത സംഭവങ്ങൾ ലൂർദ്ദിൽ നിന്നും പ്രസിദ്ധീകരിക്കപ്പെടുന്ന "ബുള്ളററിൻ" പത്രത്തിൽ വിവരിക്കപ്പെടുന്നുണ്ട്.

"ലൂർദ്ദ്" എന്ന സ്ഥലം ഫ്രാൻസിന്റെ വടക്കുപടിഞ്ഞാറെ ഭാഗത്തു പിരേൻ മലയുടെ ഒരു ചെരിവിലാണ്. അവിടെ ഒരു ഗുഹയിൽ ൧൮൫൮ ഫെബ്രുവരിമാസം ൧൧-ാംനു ൧൪ വയസ്സ് പ്രായമായിരുന്ന ബർണർദേത്തസുബിരു എന്ന ഒരു പാവപ്പെട്ട കന്യകക്കു അമലോത്ഭവ മാതാവ് കാണപ്പെട്ടു. ഇതു ഒന്നാമത്തെ കാഴ്ചയാണ്. ആകപ്പാടെ ൧൮ പ്രാവശ്യം കാണപ്പെടുകയുണ്ടായിട്ടുണ്ട്. ഒടുവിലത്തെ കാഴ്ച ൧൮൫൮ ജൂലൈ ൧൬-ാം തീയതിയിലത്രെ. ദൈവജനനി കാണപ്പെടുന്ന സമയങ്ങളിൽ ബർണർദേത്തായുടെകൂടെ മററു പലയാളുകൾ ഉണ്ടായിരുന്നിട്ടും അവൎക്കു മാതാവിനെ കാണ്മാൻ പാടുണ്ടായിരുന്നില്ല. ദൈവജനനി അരുളിച്ചെയ്തിരുന്ന തിരുവചനങ്ങളെ ഈ ഭാഗ്യപ്പെട്ടകന്യകക്കുമാത്രമെ കേൾപ്പാൻനിവൃത്തിയുണ്ടായിരുന്നുള്ളു. ഒരിക്കൽ കാണപ്പെട്ടപ്പോൾ ഗ്രോത്തൊ അഥവാ ഗുഹയിലുള്ള ഓലിയിൽ നിന്നു വെള്ളം കുടിപ്പാൻ ദൈവജനനി ബർണർദേത്തായോടു കല്പിച്ചു. പെട്ടെന്നു അത്ഭുതമായി ലൂർദ്ദിലെ ഗുഹയിൽ ആ അവസരത്തിൽ ഉണ്ടായ ഈ

ഓലിയിൽ നിന്നു സകലൎക്കും കുടിക്കത്തക്ക വണ്ണം ധാരാളം വെള്ളം ഇന്നും ഒഴുകിക്കൊണ്ടിരിക്കുന്നു. ഈ ഓലിയിലെ വെള്ളംമൂലം വിസ്മയകരങ്ങളായ വലിയ അത്ഭുതങ്ങൾ അന്നുമുതൽ ഇന്നോളം നടന്നുവരുന്നുണ്ടു്. ഇവിടെ ഒരു ദേവാലയം പണിയുന്നതിനു വൈദികരോടു് അറിക്കണമെന്നു ദൈവജനനി ബെർണർദേത്തായോടു ആജ്ഞാപിച്ചു. അവർ അപ്രകാരം അറിയിച്ചിട്ടും ഉടനെ വൈദികാധികാരികൾ വിശ്വസിച്ചില്ല. നാലുവൎഷങ്ങൾക്കു ശേഷം സ്ഥലത്തെ മെത്രാൻ ദൈവജനനിയുടെ വിസ്മയകര കാൎയ്യങ്ങളെക്കുറിച്ചും, പ്രത്യക്ഷമായി കാണപ്പെട്ട ഓലിയുറവയെക്കുറിച്ചും കൃത്യമായ പരിശോധന കഴിച്ചതിൽ പിന്നെയത്രെ സ്ഥലത്തെ ബ. വികാരിയച്ചൻ ൧൮൬൨-ൽ ഇവിടെ ഒരു പള്ളി പണിയിച്ചതു്. സംഗതികൾ പ്രസിദ്ധമായി രാജ്യത്തിൽ അറിയപ്പെട്ടപ്പോൾ ൧൮൭൩-ൽ ഫ്രാൻസ് രാജ്യക്കാരുടെ ഒരു പൊതുവായ തിരുയാത്ര ഈ തിരുസ്ഥലത്തേക്കുണ്ടായി. മൂന്നാണ്ടുകളുടെ ശേഷം പള്ളി കൂദാശ ചെയ്യപ്പെട്ടു. എന്നാൽ നാനാഭാഗങ്ങളിൽ നിന്നും വരുന്ന ജനക്കൂട്ടത്തിന്നു മതിയാകുന്നതുകൊണ്ടു വേറെ ഒരു ബെസ്സേലിക്കാപ്പള്ളി പണിയിക്കുന്നതിന്നു ൧൮൮൩-ൽ ആരംഭിച്ചു. ൧൯൦൧-ൽ പണി തീൎന്നു് ആഘോഷമായി കൂദാശ ചെയ്യപ്പെട്ടുകയും റോസാരിമാതാവിന്റെ പള്ളി എന്നു വിളിക്കപ്പെടുകയും ചെയ്തു. ലൂൎദിൽ അമലോത്ഭവമാതാവു് കാണപ്പെട്ടതിന്റെ ഓൎമ്മക്കായി ൧൩-ാം ലേഓൻ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ഒരു കാനോനനമസ്കാരവും കുൎബ്ബാനയും നിയമിച്ചു. ൧൯൦൭-ൽ പത്താം പീയൂസ് മാർപ്പാപ്പാ ഇതു തിരുസഭ മുഴുവനിലും ആചരിക്കുന്നതിന്നു കല്പിച്ചു. ഫെബ്രുവരി ൧൧-ാംനു ലൂൎദ്ദ് മാതാവിന്റെ തിരുനാൾ ഘോഷിക്കപ്പെടുന്നു. "ലൂൎദ്ദ് മാതാവേ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ." എന്നീ സുകൃതജപം ചൊല്ലുമ്പോഴൊക്കെയും ൩൦൦ ദിവസത്തെ ദണ്ഡവിമോചനം പത്താം പീയൂസ് മാർപ്പാപ്പാ ൧൯൦൭ നവംബർ ൯-ാംനു കല്പിച്ചിട്ടുണ്ടു്.

ക്രിസ്തീയ ലോകത്തിൽ അനേകം വിശ്രുത ദേവാലയങ്ങളുണ്ടെങ്കിലും ലൂൎദ്ദ് പള്ളിയെപ്പോലെ സന്ദൎശനക്കാരെ ആകൎഷിക്കുന്ന വേറെ ദേവാലയമില്ല. ൧൯൦൧-ന്റെ അവസാനത്തിൽ, അതായതു ലൂൎദിൽ അമലോത്ഭവമാതാവു് കാണപ്പെട്ട സംഭവത്തിന്റെ ൫൦-ാംവത്സരം ആഘോഷിക്കപ്പെട്ട ആണ്ടുവരെ അവിടെക്കു ൫൨൯൭ തിരുയാത്രസംഘക്കാർ പോയിസന്ദൎശിച്ചിട്ടുണ്ടു. ൧൮൬൭ മുതൽമാത്രം രേഖപ്പെടുത്തീട്ടുള്ള ഈ തിരുയാത്രസംഘങ്ങളിൽ ആകപ്പാടെ (൪,൯൧൯,൦൦൦) നാല്പത്തൊമ്പതുലക്ഷത്തി പത്തൊമ്പതിനായിരം ആളുകൾ സന്ദൎശിച്ചിട്ടുണ്ടു. പ്രസ്തുത തിരുയാത്ര സംഘങ്ങളിൽ ൪൬൪ നീക്കി ബാക്കിയുള്ളവ ഫ്രാൻസിന്നു പുറമെയുള്ള രാജ്യങ്ങളിൽനിന്നു വന്നിട്ടുള്ളവയാണു. ഇവർ അമേരിക്കയിലെ ഐക്യനാടുകൾ, ജൎമ്മനി, ഓസ്ത്രിയ, ബെൽജ്യം, ഹംഗ്രി, സ്പെയിൻ, പോൎത്തുഗൽ, ഇററലി, ഇംഗ്ലണ്ടു, അയൎലണ്ടു, കനട, ബ്രസിൽ, മുതലായ രാജ്യങ്ങളിൽനിന്നു വന്നിട്ടുള്ളവരാണു്. ലൂൎദിന്റെ സ്വൎണ്ണജൂബിലിവത്സരാവസാനംവരെ എടുത്ത കണക്കിൻപ്രകാരം ൩൯ കൎദിനാളന്മാർ, ൧൯ പാത്രിയൎക്കീസന്മാർ, ൧൦ പ്രീമാത്തുമെത്രാന്മാർ, ൫൪൬ മെത്രാപ്പോലീത്താമാർ ഉൾപ്പടെ ൨൦൧൬ മേല്പട്ടക്കാർ സന്ദൎശനാൎത്ഥം അവിടെ ചെന്നിട്ടുണ്ടു്. ആറുവൎഷങ്ങൾക്കുമുമ്പു ലൂൎദിൽ കൂടിയ എവുക്കറീസ്തീക്ക് കൊൺഗ്രസ്സിൽ സംബന്ധിച്ച അനേകായിരം ജനങ്ങളുടെയും അനവധി പട്ടക്കാരുടെയും ഇരുനൂററിൽ പരം മെത്രാന്മാരുടെയും പല കൎദിനാളന്മാരുടെയും മുമ്പാകെ പ്രസംഗിച്ച ജഗൽ പ്രസിദ്ധനായ ഡൊമ്മിനിക്കൊസ് സഭക്കാരൻ പ്രസ്താവിച്ചതുപോലെ, "മുടന്തന്മാർ നടക്കുന്നു, ചെകിടന്മാർ കേൾക്കുന്നു, കുരുടന്മാർ കാണുന്നു" എന്നു സുവിശേഷത്തിൽ പറയപ്പെട്ട വിസ്മയകരവാക്യം നമ്മുടെ ഈ കാലത്തു ലൂൎദിൽ സംഭവമായി നിറവേറിക്കൊണ്ടിരിക്കുന്നു. അമലോത്ഭവമാതാവു് കാണപ്പെട്ടസ്ഥലത്തു അത്ഭുതമായി പെട്ടെന്നുളവായ ഓലിയിൽനിന്നു വെള്ളംകുടിക്കയൊ ആ വെള്ളം ദീനമുള്ള സന്ധുകളിൽ ഒഴിക്കയൊ ചെയ്യുമ്പോൾ ദീനക്കാർ തൽക്ഷണം സുഖപ്രാപിക്കുന്നു. ലൂൎദ്ദ പള്ളിയിൽ വിശുദ്ധ കുൎബ്ബാനയുടെ പ്രദക്ഷിണം നടന്നുപോകയി

*

ൽ, കട്ടിലും വാഹനങ്ങളും താങ്ങിപ്പിടിച്ചിരിക്കുന്നദീനക്കാർപെട്ടെന്നു പൂർണ്ണസുഖംപ്രാപിക്കുന്നു. ഈ വിധ അത്ഭുത സംഭവങ്ങളെ പരിശോധിച്ചു രെജിസ്റ്റർചെയ്യുന്നതിനായി ലൂർദിൽ (Bureau des constatations) ഡാക്ടറന്മാരുടെ ഒരു പരിശോധനാപ്പീസുമുണ്ടു. ആദ്യത്തെ അമ്പതുവർഷങ്ങൾക്കുള്ളിൽ (൪൦൦൦) നാലായിരം അത്ഭുതസംഭവങ്ങൾ നടന്നതായികണക്കാക്കപ്പെട്ടിരിക്കുന്നു. നടക്കുന്ന അത്ഭുതങ്ങളെല്ലാം പ്രസ്തുത ആപ്പീസിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ല. അത്ഭുതങ്ങൾ നടന്നശേഷം സന്തോഷാധിക്യത്താലും മറ്റും ഓരോ വഴിക്കു വേഗം ഓടിക്കളയുന്നവർ പലരുണ്ട്. ഓരോ അത്ഭുതസംഭവങ്ങൾ റെജിസ്റ്റർ ചെയ്കയിൽ ദീനക്കാരൻെറ മുമ്പുള്ള സ്ഥിതി, മുമ്പു ചികിത്സിച്ച ഡാക്ടറന്മാരു കൊടുത്ത ചാർത്തുപടികൾ, ഓരോ ദീനത്തെക്കുറിച്ചു ഡാക്ടറന്മാർ പ്രസ്താവിച്ചിട്ടുള്ള അഭിപ്രായങ്ങൾ എന്നിവയൊക്കെ വിവരിക്കപ്പെടുന്നുണ്ട്. ഈ വിധ റിപ്പോർട്ടു പരീസിലെ വൈദ്യശാസ്ത്രശാലയിൽ പ്രൊഫസറായ ഡാക്ടർ സി. റിച്ചേററു കണ്ടശേഷം, അദ്ദേഹം നടത്തിവരുന്ന 'Annales desnuces physiques' എന്ന അവിശ്വാസ റെവ്യൂ പത്രത്തിൽ (on reading it unprejudiced minds cannot but be convinced that the facts stated are authentic) "ഇതു വായിച്ചാൽ മുൻവിധിയില്ലാത്തവർ ഇതിൽ പറയുന്ന സംഭവങ്ങൾ ശരിയായിട്ടുള്ളവയാണെന്നു സമ്മതിക്കുന്നതാണ്" എന്നു എഴുതിയിരിക്കുന്നു. അവിശ്വാസി ആയിരിക്കുന്ന ഈ ഡോക്ടർ ഇത്രയും പ്രസ്താവിച്ച സ്ഥിതിക്കു സഹൃദയന്മാർക്കു ഈ അത്ഭുത സംഭവങ്ങളെ സ്വീകരിപ്പാൻ പ്രയാസമുണ്ടാകയില്ല.

ഒരു സംഭവം മാത്രം ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. പരീസ് പട്ടണത്തിൽ കീർത്തിപെട്ട വക്കീലായിരുന്ന ഹെൻറി ലസ്സെർ എന്നയാൾ അധിക വായനകൊണ്ടും രോഗം നിമിത്തവും അശേഷംകാഴ്ചയില്ലാത്ത ഒരു കുരുടനായിതീർന്നു. പാരീസിലെ രണ്ടു നേത്രവൈദ്യന്മാർ സകല പ്രയത്നങ്ങൾ ചെയ്തിട്ടും സുഖപ്പെടുത്തുവാൻ സാധിച്ചില്ല. അപ്പോൾ പ്രൊട്ടെസ്റ്റൻ്റു മതസ്ഥനായ ഒരു സ്നേഹിതൻ ലൂർദിലെ അത്ഭുതകര വെള്ളത്തിൻെറ വിശേഷം നാട്ടുവർത്തമാനമായി പറഞ്ഞുകേൾപ്പിക്കയും അതു ഉപയോഗിച്ചു നോക്കുവാൻ ഉപദേശിക്കയും ചെയ്തു. എന്നാൽ വക്കീൽ അത്ര ദൈവഭക്തനല്ലാഞ്ഞതുകൊണ്ടു ഈ അഭിപ്രായം സ്വീകരിച്ചില്ല. കടശി നിർബന്ധിക്കപ്പെട്ടു ലൂർദ്ദു പള്ളിവികാരിയച്ചൻെറ പക്കൽ ആളുവിട്ടു ലൂർദ്ദുവെള്ളം വാങ്ങി തൻെറ കണ്ണുകഴുകി. ദൈവജനനിയുടെ തിരുനാമം ചൊല്ലി കണ്ണുകഴുകിയമാത്രയിൽ കണ്ണിന്നു പൂർണ്ണ കാഴ്ചയുണ്ടായി. ഉടനെ തന്നെ സന്തോഷപൂരിതനായി പുസ്തകം എടുത്തു വായിച്ചു. ശരീരകണ്ണുകൾ തുറക്കപ്പെട്ടതുപോലെ ആത്മീയകണ്ണും ഇയാൾക്കു തുറക്കപ്പെട്ടു. വിശ്വാസം ക്ഷയിച്ചു മതതീക്ഷ്ണതയില്ലാത്തവനായിരുന്ന നമ്മുടെ വക്കീൽ ഉത്തമ കത്തോലിക്കനായി തീർന്നു. ഇയാൾ കുരുടനായി തീർന്നതു ൧൮൭൦-ലും സുഖം പ്രാപിച്ചതു ൧൮൭൧-ലുമത്രെ. അത്ഭുതമായി ലഭിച്ച ഈ പൂർണ്ണസുഖം ൧൯൦൦-ൽ മരിക്കുന്നതുവരെയുണ്ടായിരുന്നു. തനിക്കു ലൂർദ്ദുമാതാവു ചെയ്ത കൃപക്കു നന്ദിസൂചകമായി ൧൮൭൫ വരെ ലൂർദിൽ നടന്ന അത്ഭുതസംഭവങ്ങളെക്രൂട്ടിചേർത്തു ഒരു പുസ്തകം പ്രസിദ്ധീകരിച്ചു. ഈ പുസ്തകത്തിൻെറ പ്രതികൾ ഉടനെ രാജ്യമെങ്ങും പ്രചരിച്ചു. മിസ്റ്റർ ഇ. ആർത്തുസ് എന്നയാൾ, തൻെറ ഒരു മരുമകനു ലഭിച്ച അത്ഭുത സുഖപ്രാപ്തിയുടെ കൃതജ്ഞതാസൂചകമായി ൧൦,൦൦൦ ഫ്രാങ്കു പാരീസിൽ രജിസ്റ്റർ കച്ചേരിയിൽ കെട്ടിവച്ചുകൊണ്ടു, ഹെൻറി ലസ്സെർ പ്രസിദ്ധീകരിച്ച അത്ഭുതസംഭവങ്ങളിൽ ഒന്നെങ്കിലും സാക്ഷാൽ അത്ഭുതമല്ലായെന്നു തെളിയിക്കുന്നവനു ഈ പതിനായിരം ഫ്രാങ്കും ഇനാം കൊടുക്കുന്നതാണെന്നു പ്രസിദ്ധപ്പെടുത്തി. ഇന്നുവരെ ഈ ഇനാം എടുപ്പാൻ ആർക്കും സാധിച്ചിട്ടില്ല.

ഫാദർ അലക്സാണ്ടർ സി. ഡി.

# അനുതാപ സങ്കീർത്തനം.

(നൂററിരണ്ടാം മസ്മോറാ.)

(അമ്മകന്നി മണിതന്റെ എന്നമട്ടു)

(പക്കൽ
കേൾക്കനാഥാ! എന്നുടയപ്രാർത്ഥന നീ, നിന്റെ
എത്തിടട്ടെ ഞാൻ വിടുന്ന നെടുവീർപ്പെല്ലാം.
(മയ്യോ!
ഞാൻഞെരുങ്ങും നാളതിങ്കൽ നിന്റെ തിരുമുഖ
എന്നിൽനിന്നു നീ തിരിച്ചു കളഞ്ഞീടല്ലേ.
(എന്നിലേയ്ക്കു
നിന്നെ ഞാൻ വിളിച്ചിടുമ്പോൾ നിന്റെ ചെവി
ചായിച്ചു നീ വിരവോടേ ശ്രവിച്ചീടേണേ.
(ഞ്ഞുപോയി
എന്തെന്നാലെൻ വാസരങ്ങൾ പുകപോലെ മാ
വെന്തുപോയി അടുപ്പുപോലസ്ഥികളെല്ലാം.
(ങ്ങിപ്പോയ്
പുല്ലുപോലെ വാടിയെന്റെ മാനസതാരുണ
എന്റെയപ്പം ഭുജിപ്പാൻ ഞാൻമറന്നുപോയി.
(മെല്ലാം
എൻപ്രലാപസ്വരമതു മൂലമായി മാംസ
അസ്ഥിയോടു പററിയങ്ങു പിടിച്ചുപോയി.
(ഞാൻ.
വനത്തിലെ കാകനോടു തുല്യനായിത്തീർന്നിതേ
അരണ്യത്തിൽ മൂങ്ങയോടു സദൃശനായി.
ഭയന്നുഞാൻ വീടുതൻമേൽക്കൂടതിങ്കലിരിക്കുന്ന
കരിക്കിലിനോടു തുല്യമേകനായ് തീർന്നു.
(വന്നു
നാൾ മുഴുവൻ ശത്രുവൃന്ദം എന്നെയാക്ഷേപിച്ചു
സ്തുതിച്ചോരു മേനിക്കെതിരാണയിട്ടയ്യോ.
(ടയ
എന്തെന്നാലുയർത്തിയെന്നെ താഴ്ത്തിയൊരു നിന്നു
കോപവും ക്രോധവുമോർത്തിട്ടപ്പമെന്നോണം.
ന്നുടയ
ഭുജിച്ചുഞാൻ ക്ഷാരമെന്റെ പാനിയത്തേ എ
ബാഷ്പധാരയോടുകൂടി കലർത്തിവന്നു.
എനിക്കുള്ള ദിവസങ്ങൾ നിഴൽപോലെ ചാഞ്ഞു
പോയി
പുല്ലുപോലെ ഞാനുമയ്യോ ഉണങ്ങിപ്പോയി.
നിന്നിടുന്നു നിരന്തരം നീയോ എന്നാൽ സർവനാഥാ
നിന്റെയോർമ്മ കാലാകാലത്തോളമാകുന്നു.
(ണമേ
ഉയർന്നു നീ സെഹിയോന്മേൽ കരുണ ചിന്തീട
ആയതിന്മേൽ കൃപചെയ്യാൻ സമയമായി.
(പ്പെട്ടു.
എന്തെന്നാൽ നിൻ ദാസരതിൻ കല്ലുകളിലിഷ്ട
ആയതിന്റെ പൊടിയവർ സ്നേഹിച്ചുവന്നു.
(പ്പെട്ടും
പുറജാതിജനം നാഥാ! നിന്റെ നാമം ഭയ
മന്നിലെ രാജാക്കൾ നിന്റെ മഹത്വത്തേയും.
(ർത്താവുതാൻ
സെഹിയോനേപ്പണിയെയ്തുകൊണ്ടരുളും ക
താൻപ്രതാപത്തോടുകൂടെ പ്രത്യക്ഷനാകും.
അഗതികൾ ചെയ്തിടുന്ന പ്രാർത്ഥനയ്ക്കു തിരിഞ്ഞീടും
അവരുടെ യാചനകൾ ത്യജിക്കയില്ലാ.
അന്യ സന്തതിയ്ക്കുവേണ്ടി എഴുതപ്പെട്ടിട്ടുമിതു
സ്തുതിക്കും നാഥനേ മേലിൽ ഭവിക്കും ജനം.
(ങ്ങളും
കർത്താവിനേ സേവിപ്പാനായ് പുറജാതിജന
രാജ്യങ്ങളുമൊരുമിച്ചു കൂടുന്നനേരം
(തൻസ്തുതിയും
സെഹിയോനിൽ തന്റെപേരും ഓർശലമ്മിൽ
ചെന്നവിടെ അറിയിച്ചീടുന്നതിനായി. (ന്നും
ബന്ധനസ്ഥ ജനങ്ങടെ നെടുവീർപ്പു കേൾക്കുവാ
മൃത്യുവിൽനിന്നു സുതരേ വിടുവിപ്പാനും
ന്നുകൊണ്ടു
തന്റെ ശുദ്ധ സ്ഥലത്തിന്റെ ഉന്നതത്തിൽനി
വിണ്ണിൽ നിന്നീയുലകത്തേ നോക്കി കർത്താവു
(ന്നോടു നീ
മന്നിലെന്റെ ശക്തിയവർ ക്ഷയിപ്പിച്ചാ, രെ
എന്നുടെനാളിൻ ചുരുക്കമറിയിക്കേണേ.
എൻദിനങ്ങളുടെമദ്ധ്യേ എന്നെ നീക്കിക്കളയല്ലേ
നിന്റെ വത്സരങ്ങൾ കാലാകാല പര്യന്തം
ആദിയിങ്കൽ ധരണിയേ നീ ചമച്ചു നിന്നുടേയ
കൈകളുടെ പ്രവൃത്തിയാണംബരമതും. (യോ
അവയെല്ലാം കടന്നുപോം, നിലനിന്നീടുന്നു നീ
വസ്ത്രംപോലെ അവയെല്ലാം പഴതാകുന്നു.
ഉടുപ്പിന്നു തുല്യമായി അവ മാററപ്പെട്ടിടുന്നു
നീയോ എന്നാലിരിക്കുന്നപോലിരിക്കുന്നു.
(ന്നില്ല
നിന്റെ സംവത്സരങ്ങൾക്കു അവസാനം വരു
നിന്റെ ദാസന്മാരുടയ പുത്രരായുള്ളോർ
ഭൂമിയിങ്കൽവസിച്ചീടും, അവരുടെസന്തതികൾ
നിന്റെമുമ്പിൽ സ്ഥിരമായി വാണുകൊണ്ടീടും.

ഫാദർ സൈമൺ സി. ഡി.

# തുറന്ന വേദപുസ്തകം.

I.

("ദി കാത്തലിക് വറൾഡ്" എന്ന മാസികയിൽനിന്നു ഭാഷാന്തരംചെയ്തതു്)

പതിനാറാം ശതാബ്ദത്തിലെ മതനവീകരണത്തിനു മുൻപായി വേദപുസ്തകം കത്തോലിക്കാ വിശ്വാസികൾക്കു് അജ്ഞാതമായിരുന്നു എന്നാണല്ലോ കത്തോലിക്കാ സഭയ്ക്കെതിരായി മതവിരോധികൾ കൊണ്ടുവരുന്ന പ്രധാനമായ ഒരു ആക്ഷേപം. നവീകരണം ഉത്ഭവിച്ചിട്ടു് ൪൦൦ സംവത്സരം കഴിഞ്ഞിരിക്കുന്ന ഇക്കാലത്തും കത്തോലിക്കാസഭയ്ക്കു് ഈ ദോഷംതന്നെ നിഷ്കളങ്കരായ പ്രൊട്ടസ്റ്റൻറു ഗ്രന്ഥകർത്താക്കൾപോലും ആരോപിക്കുന്നുണ്ടു്.

വേദപുസ്തക പാരായണം രക്ഷക്കത്യാവശ്യമാണോ എന്ന തർക്കത്തെ ഇവിടെ വാദവിഷയമാക്കുന്നില്ല. അപ്രകാരം അത്യാവശ്യമാണെങ്കിൽ വേദപുസ്തകം സുലഭമാകുന്നതിനു മുൻപുള്ളവർക്കു മുക്തി ലഭിച്ചിട്ടില്ലെന്നോ? ഊമന്മാരും അക്ഷരജ്ഞാനമില്ലാത്തവരും നിത്യശിക്ഷയ്ക്കു വിധിക്കപ്പെടുമെന്നോ?— പ്രഥമദൃഷ്ടിയിൽതന്നെ ഈ അനുമാനം അസാധുവാണെന്നു തെളിയുന്നു.

അച്ചടിയോ കയ്യെഴുത്തോ നടപ്പില്ലാതിരുന്ന കാലത്തുപോലും കത്തോലിക്കാ തിരുസഭ വിശ്വാസികളുടെ ജീവിതം സുവിശേഷപഠനത്തിനനുസരണമായി നയിച്ചിരുന്നു. അറിവില്ലാത്തവർക്കുപോലും എളുപ്പത്തിൽ ഗ്രഹിക്കത്തക്കവണ്ണം ചിത്രങ്ങൾകൊണ്ടും അടയാളങ്ങൾകൊണ്ടും വേദപുസ്തക തത്വങ്ങൾ അവരെ പഠിപ്പിച്ചിരുന്നു. വേദപുസ്തകത്തിലെ ഓരോ അദ്ധ്യായങ്ങളും വരികളും അവർക്കു നിശ്ചയമില്ലായിരുന്നു എങ്കിലും അതിലെ സാരം അവർ നല്ലവണ്ണം ഗ്രഹിച്ചിരുന്നു. ദേവാലയങ്ങളുടെ ഭിത്തികൾ സാധുക്കളുടെ സുഗ്രാഹ്യമായ വേദപുസ്തകമായിരുന്നു. "വെനീസിലെ വിശുദ്ധ മർക്കോസിന്റെ സുവിശേഷം" എന്ന നാമത്തിൽ, പ്രസ്തുത സ്ഥലത്തുള്ള വേദപുസ്തകസംബന്ധമായ ചിത്രങ്ങളെപ്പററി ഒരു പ്രൊട്ടസ്റ്റൻറു ഗ്രന്ഥകർത്താവു് ഒരു പുസ്തകം എഴുതിയിട്ടുണ്ടു്. കുഗ്രാമങ്ങളിലെ ഉയരം കുറഞ്ഞ വീടുകളുടെ ചുവരുകളിന്മേൽപ്പോലും സുവിശേഷകഥകളും, പുണ്യവാന്മാരുടെ ജീവചരിത്രങ്ങളും പിന്താരിച്ചിരുന്നു. അവയുടെ അവശിഷ്ടങ്ങളായി ഇപ്പോഴും ൫൦൦ പടങ്ങൾ ശേഷിച്ചിട്ടുണ്ടു്. റോമ്മിലുള്ള ഭൂഗർഭപ്രേതാലയത്തിൽ, ഇപ്പോഴും ഈ തരത്തിൽ ൩൦൦ ദേവാലയങ്ങളിലായി ൫൦൦൦–ത്തിൽ പരം രമണീയങ്ങളായ ചിത്രങ്ങൾ കാണ്മാനുണ്ടു്. മാർബിൾകല്ലുകൊണ്ടുള്ള ശവപ്പെട്ടികളിന്മേൽ കൊത്തിയതായിത്തന്നെ അനേകായിരമുണ്ടു്.

വേദപുസ്തക പാരായണവും പ്രസംഗങ്ങളുംമൂലം ഗ്രഹിക്കുന്നതിലധികം സാധാരണക്കാർ ഏവംവിധങ്ങളായ ചിത്രങ്ങൾ നിമിത്തം ഗ്രഹിച്ചിരുന്നു എന്നു ഒരു അകത്തോലിക്കൻ (Woodbery) പറയുന്നു. പാരായണം മൂലം ഒരാളുടെ ശ്രദ്ധ പദങ്ങളിലും ആശയങ്ങളിലും പതിഞ്ഞാണു് രൂപീകരിക്കുന്നതു്. ചിത്രങ്ങൾ ഈ വിഷമംകൂടാതെ തന്നെ രൂപത്തെ മനസ്സിൽ പതിക്കുന്നു. അച്ചടിവിദ്യ അജ്ഞാതമായിരുന്ന മദ്ധ്യശതാബ്ദങ്ങളിൽ ചിത്രങ്ങളുടെ സ്ഥാനം എന്തായിരുന്നു എന്നു ഗ്രഹിക്കുവാൻ തന്നെ ആധുനികന്മാർക്കു പ്രയാസമാണു്. അനേകായിരങ്ങളായി പ്രചരിച്ചിരുന്ന ചിത്രങ്ങളിൽനിന്നുതന്നെ വിദ്വാനും വിദ്യാവിഹീനനും ഒരുപോലെ ജ്ഞാനസമ്പാദനം സുലഭമായിരുന്നു.

ചുവരിലെ ചിത്രങ്ങൾകൂടാതെ പടത്തോടുകൂടിയ സുവിശേഷ സംഗ്രഹങ്ങളും ധാരാളമുണ്ടായിരുന്നു. "സാധുക്കളുടെ വേദപുസ്തകം" എന്നായിരുന്നു ഇതിന്റെ പേർ. വലിയ കയ്യെഴുത്തു വേദപുസ്തകം വാങ്ങുന്നതിനു നിവൃത്തിയില്ലാത്തവർ ഈ തരത്തിലുള്ളവ ഉപയോഗിച്ചിരുന്നു. കത്തോലിക്കാ വിദ്യാലയങ്ങളുടെ

ഉപയോഗത്തിലേക്കായി ൧൪൬൦-നും ൧൫൨൦-ം മദ്ധ്യേ അച്ചടിച്ച വ്യത്യസ്തങ്ങളായ ൨൨ പതിപ്പിന്റെ പ്രതികൾ ഇപ്പോഴും ഉണ്ട്. ഇതിൽനിന്നു ലൂഥേറിന്റെ നവീകരണത്തിനു മുൻപു കുട്ടികളുടെ വേദപഠനത്തിൽ തിരുസഭ എത്രമാത്രം ശ്രദ്ധ പതിച്ചിരുന്നു എന്നു തെളിയുന്നു. നവീകരണത്തിനു മുൻപുള്ള ൬൦ കൊല്ലങ്ങളിൽ ൩൫ ലക്ഷം വിദ്യാർത്ഥികൾ വേദാദ്ധ്യായനം ചെയ്തിട്ടുണ്ട്. ചിത്രത്തോടുകൂടിയ വേദപുസ്തകസംഗ്രഹങ്ങളിൽനിന്നു ഇപ്പോഴത്തെ വിദ്യാർത്ഥികളേക്കാൾ കൂടുതലായ ജ്ഞാനം അവർക്കു സിദ്ധിച്ചിരുന്നു. വേദപഠനത്തിൽ ഇത്രമാത്രം ശ്രദ്ധ പ്രദർശിപ്പിച്ചിരുന്ന അക്കാലത്തിൽ വേദപുസ്തകസംബന്ധമായ അജ്ഞാനം ശിക്ഷാർഹമായിരുന്നിരിക്കണം.

ഇപ്രകാരംതന്നെ വൈദികർക്കും അൽമേനികൾക്കുമായി കയ്യെഴുത്തായും അച്ചടിച്ചതായും നിരവധി വേദപുസ്തകങ്ങൾ ഉണ്ടായിരുന്നു. വേദപുസ്തകത്തിന്റെ ഓരോ ഭാഗങ്ങൾമാത്രം ഉള്ള പ്രതികളും ഒട്ടും കുറവല്ലായിരുന്നു. ൧൪൫൦-നും ൧൫൦൦-നും മദ്ധ്യേ ഒൻപതു ഭാഷകളിൽ അച്ചടിച്ചതായി ൨൩൯ പതിപ്പുകളുടെ പ്രതികൾ ഇന്നും കാണ്മാനുണ്ട്. ഈ വിധത്തിൽ കാണുന്ന പതിപ്പുകളുടെ കോപ്പികൾ ആയിരത്തിലധികമാണ്. ഈ വക ജോലികൾകൊണ്ടുതന്നെ പല മുദ്രാലയങ്ങളും നല്ല ലാഭം സമ്പാദിച്ചിരുന്നു. അച്ചടിസൂത്രം കണ്ടുപിടിച്ചിട്ട് ഇംഗ്ലണ്ടിൽ ആദ്യമായി അച്ചടിച്ചതു വേദപുസ്തകമാണെന്നു ബ്രിട്ടീഷ് ചരിത്രം വായിച്ചിട്ടുള്ള എല്ലാവർക്കും അറിയാവുന്നതാണ്. നവീകരണത്തിനു മുൻപു ഇത്രയധികം പ്രതികൾ ഉത്സാഹപൂർവ്വം അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരുന്നു എങ്കിൽ അതു കത്തോലിക്കരുടെ ഉപയോഗത്തിനുവേണ്ടി മാത്രമായിരിക്കണമല്ലോ. വിററഴിക്കാമെന്നു ശരണമില്ലാതെ ഇത്ര വളരെ പ്രതികൾ അച്ചടിക്കയില്ലെന്നു സ്പഷ്ടമാണ്.

അച്ചടിച്ച പുസ്തകങ്ങൾ പലരും ആവശ്യപ്പെട്ടിരുന്നില്ല. വൈദികർ, സന്ന്യാസികൾ, പ്രഭുക്കന്മാർ, ധനവാന്മാർ ആദിയായവർ മനോഹരമായ വിധത്തിൽ ഉണ്ടാക്കിയ കയ്യെഴുത്തു പുസ്തകങ്ങളാണ് ഉപയോഗിച്ചിരുന്നത്. അച്ചടിച്ച പുസ്തകത്തോടു അവർക്കു പുച്ഛമായിരുന്നു. ൮൦൦൦ കയ്യെഴുത്തു ലത്തീൻ വേദപുസ്തകത്തിന്റെ പ്രതികൾ ഇപ്പോൾ പല ഗ്രന്ഥശാലകളിലായി ശേഷിച്ചിരിക്കുന്നു. ഇതു ആകെയുണ്ടായിരുന്നതിന്റെ ഒരു നിസ്സാരസംഖ്യമാത്രമാണ്. നവീകരണത്തിനു മുൻപു ജർമ്മൻഭാഷയിൽ ൩൬൦൦ കയ്യെഴുത്തു പ്രതികളുണ്ടായിരുന്നു. അവയിൽ ൨൦൨ ഇപ്പോൾ ശേഷിച്ചിട്ടുണ്ട്. ഇതു പ്രോട്ടസ്റ്റൻറുശാസ്ത്രിയായ വെൽത്തറിന്റെ (W. Wealther) അഭിപ്രായമാണ്. അച്ചടി കണ്ടുപിടിച്ചതിന്റെശേഷവും കയ്യെഴുത്തുപ്രതികളോടു പ്രത്യേക പ്രതിപത്തിയുണ്ടായിരുന്നതുകൊണ്ടു അച്ചടിക്കുന്ന പ്രതികൾ ചുരുങ്ങിയിരുന്നു.

പുരാതനകാലത്തു മുദ്രാലയങ്ങൾ തന്നെ പുസ്തകശാലകളായിരുന്നു. ൧൪൭൦-ൽ അന്തോനി റൊബെർജർ (Antony Roberger of Nurenberg) എന്ന മുദ്രാലയാധിപനു ക്രിസ്തീയലോകത്തിന്റെ പ്രധാന പട്ടണങ്ങളിലൊക്കെ ഏജൻറന്മാരുണ്ടായിരുന്നു. സഞ്ചാര ഏജൻറന്മാർ ഗ്രാമങ്ങളിലും കച്ചവടസ്ഥലങ്ങളിലും പോകാതിരുന്നില്ല. ഇവർ എല്ലാ ആശ്രമങ്ങളിലും പുസ്തകവില്പനയ്ക്കായി പോകുക പതിവായിരുന്നു. ൧൪൮൧ ആഗസ്റ്റ് ൮-ാംനു ജാനിക്കാർട്ടു എന്ന ഏജൻറു മോൻറുവഗ്ഗിലെ ബൻഡിക്തോസ് സഭക്കാർക്കു വിററ പുസ്തകം ഇപ്പോഴുള്ളതിൽ നിന്നാണ് ഈ രേഖകൾ കിട്ടുന്നത്. അന്നു കേവലം ഒരു കുഗ്രാമമായിരുന്ന മോൻറുവഗ്ഗിൽ ഇവർ പോയിരുന്നതിൽ നിന്നു ഇപ്രകാരമുള്ള ഏജൻറന്മാർ ഓരോ അപ്രസിദ്ധ ദേശങ്ങളിൽ പോലും വേദപുസ്തകവില്പനയ്ക്കായി ചുററിസ്സഞ്ചരിക്ക പതിവായിരുന്നു എന്നു തെളിയുന്നു. ൧൫൦൦-നു മുമ്പു ൨൬൦ സ്ഥലങ്ങളിലായി ൧൨൩൦ മുദ്രാലയങ്ങൾ ഈവക ജോലിയിൽ ഏർപ്പെട്ടിരുന്നു. അതുകൊണ്ടു വേദപുസ്തകത്തിനു അസാധാരണ പ്രചാരം സിദ്ധിച്ചിരുന്നു. എല്ലാ ദേശങ്ങളിലും വേദപുസ്തകത്തിന്റെ പ്രതികൾ ധാരാളമുണ്ടായിരുന്നു എന്നും, തന്നിമിത്തം മു

നു ഫ്ലോറിൻസിനു ഒരു നല്ല ബൈബിൾ കിട്ടുമെന്നും, ഏതു വിശ്രമസ്ഥലത്തും ഒരു പട്ടക്കാരനു വേദപുസ്തകം കണ്ടെത്താമെന്നും മററും സെബാസ്ത്യൻ ബാർട്ട്, സി. കെൽത്തസ് എന്ന ശാസ്ത്രികൾ എഴുതിയിരിക്കുന്നു. ..... വിശ്രമസ്ഥലങ്ങളിലായിരുന്നു ഏജൻറന്മാർ പുസ്തകം വിററിരുന്നതു്. ഇപ്പോഴും യൂറോപ്പിൽ പലെടത്തും ഉള്ളതുപോലെ വിശ്രമസ്ഥലങ്ങൾക്കു സമീപം സാഹിത്യസ്ഥാപനങ്ങൾ ഉണ്ടായിരുന്നു. കേൽത്തസ് എന്ന മേൽപ്പറഞ്ഞ ദേഹം അഭിപ്രായപ്പെടുന്നതുപോലെ കുഗ്രാമങ്ങളിൽ ഈദൃശസ്ഥാപനങ്ങൾ ഉണ്ടായിരുന്നെങ്കിൽ പട്ടണങ്ങളിൽ ഉണ്ടായിരിക്കുമെന്നുള്ളതു നിശ്ചയമാണല്ലൊ.

(തുടരും)

ഫാദർ കോശി മമ്പലം ബി.ഏ. എൽ.ററി.

## ഭാഗ്യമായിരിപ്പാനുള്ള വിദ്യ.

### IV.

മുഖസ്തുതിക്കു ഒരിക്കലും ഒരു വിലയുമില്ല; എന്നാൽ നമ്മുടെ കീഴുള്ള ഒരാളെ തക്ക സമയത്തു്, ആയാളുടെ ഏതെങ്കിലും ഒരു സൽപ്രവൃത്തിക്കു്, അല്പം പ്രശംസിക്കുന്നതു്, ആയാളെ പ്രോത്സാഹിപ്പിക്കുന്നതിനും പ്രയോജനകരമായ ഒരു ആനന്ദം നൽകുന്നതിനും ഉള്ള ഒരു ഉത്തമ മാൎഗ്ഗമാകുന്നു. ഇതു് വളരെ പ്രയാസമുള്ള ഒരു കാൎയ്യമല്ല. ഒരു വെറും നോട്ടംകൊണ്ടോ മന്ദസ്മിതംകൊണ്ടോ ഒരുവനോടുള്ള തൃപ്തി പ്രദൎശിപ്പിക്കാവുന്നതാണു്. 'ഹാ, നിങ്ങൾ ചെയ്തതു് വളരെ നന്നായി;' 'എൻെറ ആഗ്രഹംപോലെ നിങ്ങൾ ആ കാൎയ്യം നിൎവ്വഹിച്ചതിൽ എനിക്കു അതിയായ സന്തോഷമുണ്ടു്'– എന്നിപ്രകാരമുള്ള അനുമോദനങ്ങൾകൊണ്ടു്, കീഴുള്ളവരുടെ മനസ്സു വശീകരിപ്പാൻ നമുക്കു കഴിയുന്നതാണു്. ഇതിൽ ലേശം പ്രതാപഹാനിയില്ല. നേരേമറിച്ചു്, ഇതുകൊണ്ടു് നാം നമ്മുടെ മനസ്സിൻെറ ശ്രേഷ്ഠതയെ കാണിക്കുന്നേയുള്ളു. കൂലിവേലക്കാർ, ഭൃത്യന്മാർ, കുട്ടികൾ മുതലായവരോടു നാം എന്തിനു അനാദരവു കാണിക്കുന്നു? നമുക്കു എന്തുകൊണ്ടു് അവരോടു സൌഹാൎദ്ദമായി പെരുമാറിക്കൂടാ? ഇതു് ധൎമ്മമാണോ? ക്രിസ്തീയത്വമാണോ? ഈ പാവപ്പെട്ടവരുടെ സ്ഥാനത്തു് നമ്മേത്തന്നെ ആക്കികൊണ്ടു്, അവരെ ഭാഗ്യപ്പെടുത്തുന്നതിലുള്ള ഭാഗ്യം നാം അനുഭവിക്കു. അവരുടെ സൽഗ്ഗുണങ്ങളെ നാം ശ്ലാഘിക്കുന്നുണ്ടെന്നും അവരെ സ്നേഹിക്കുന്നുണ്ടെന്നും അവർ അറിയട്ടെ. ഇങ്ങിനെ ചെയ്താൽ അവർ നമ്മെ അധികം ഭക്തിയോടുകൂടെ ശുശ്രൂഷിക്കയും സ്നേഹിക്കയും ചെയ്യുമെന്നു മാത്രമല്ല, അവരെക്കൊണ്ടു് അത്യുൽകൃഷ്ടങ്ങളായ നിരവധി കാൎയ്യങ്ങൾ ചെയ്യിപ്പാൻ നമുക്കു സാധിക്കുന്നതുമാണു്.

### V.

ധനവിനിയോഗത്തിലുള്ള സൂക്ഷ്മം സ്തുത്യൎഹമാണെങ്കിലും, ലുബ്ധ് ഒരു മനുഷ്യൻെറ ഹൃദയത്തെ ആക്രമിക്കയും അവനെ അരിഷ്ടനാക്കിത്തീൎക്കുകയും ചെയ്യുന്നു. ഈ പിശാചിൻെറ വലയിൽ അകപ്പെടാതിരിപ്പാൻ ഭക്തന്മാർ പ്രത്യേകം സൂക്ഷിക്കേണ്ടതാകുന്നു; എന്തുകൊണ്ടെന്നാൽ, ഇവരിൽ അനേകംപേർ അറിയാതെ ഇതിൽ പിടിക്കപ്പെട്ടുപോയിട്ടുണ്ടു്. ചിലയാളുകൾ ഒരു യാചകനു് വലിയൊരു സംഖ്യ കൊടുത്തു എന്നു വരാം; ഇവർതന്നെ അല്പ നിമിഷത്തിനു ശേഷം സത്യസന്ധനായ ഒരു കൂലിക്കാരനു് ന്യായമായി ചെല്ലേണ്ട കൂലി മുഴവനും കൊടുക്കാതെ അവനെ കഷ്ടപ്പെടുത്തുവാൻ മടിക്കയില്ല; അല്ലെങ്കിൽ നിസ്സാരമായ ഒരു സാധനത്തിൻെറ വിലയിൽ കുറവു കിട്ടുവാൻ വേണ്ടി വൃഥാ വഴക്കടിച്ചുകൊണ്ടിരിക്കും. പ്രഭാതംമുതൽ അസ്തമയംവരെ ഇളവില്ലാതെ വേലചെയ്തു് വശംകെടുന്ന ഒരു പാവപ്പെട്ട കൂലിക്കാര

ന്റെ ന്യായമായ പ്രതിഫലത്തിൽനിന്ന് ആദായം ഉണ്ടാക്കാമെന്നു കരുതുന്ന മുതലാളന്, സർവ്വ ദാനങ്ങളുടെയും കർത്താവായ ദൈവം എന്തു ശിക്ഷയായിരിക്കും കല്പിക്കുക എന്ന് നമുക്കു ഊഹിച്ചുകൂടാ. ഭക്തിയുള്ള കത്തോലിക്കരെപ്പററി, അവർ മററുള്ളവരെക്കാൾ കഠിനചിത്തന്മാരും ധനാഗ്രഹികളുമാണെന്നു പറയപ്പെടുവാൻ ഇടയാകാതിരിക്കട്ടെ. അല്പസ്വല്പങ്ങളായ ധന നഷ്ടങ്ങൾ നിമിത്തം അവർ ഒരിക്കലും വ്യസനപരവശരായിത്തീരരുത്. നമ്മുടെ ഭക്ഷണം, വസ്ത്രം ആദിയായ കാര്യങ്ങൾ വരുമ്പോൾ മാത്രം നാം മിതവ്യയമുള്ളവരായിരിക്കയും, അന്യരോടുള്ള ഇടപാടുകളിൽ ഉദാരത കാണിക്കയും വേണം.

## VI.

ഒരു കവി, ഒരിക്കൽ ഒരു മനോഹരമായ പനിനീർപ്പുഷ്പം വീക്ഷിച്ചിട്ട്, "ഈ പൂക്കൾക്കു മുള്ളുകളുള്ളത് എന്തു കഷ്ടമാണ്!" എന്നു പറഞ്ഞു. ഇതു കേട്ടുകൊണ്ട് അയാളുടെ സമീപം കൂടെ കടന്നുപോയ ഒരാൾ മറുപടിയായി, "നേരെമറിച്ച്, ഈ മുള്ളുകളുടെമേൽ പനിനീർപുഷ്പങ്ങൾ ഉണ്ടാവാൻ ഇടയാക്കിയതിന് നാം ദൈവത്തോടു നന്ദിയുള്ളവരായിരിക്ക" എന്നു പറഞ്ഞു. ഹാ! നാമും നമ്മുടെ പാപങ്ങളുടെ പെരുപ്പത്തിൽ ഇത്രയേറെ സന്തോഷങ്ങൾ അനുഭവിപ്പാൻ സംഗതിയാക്കിയ ദൈവത്തോടു എത്ര കൃതജ്ഞന്മാരായിരിക്കേണ്ടതാണ്! നിശ്ചയമായും, താൻ നമുക്കയക്കുന്ന തുച്ഛങ്ങളായ ബുദ്ധിമുട്ടുകളേയും അരിഷ്ടതകളെയുംപററി പിറുപിറുത്തുകൂടാത്തതാകുന്നു.

## VII.

നാം നന്മ ചെയ്കയും തിന്മ ഉപേക്ഷിക്കയും ചെയ്താൽ നമുക്കു ഭാഗ്യമായിരിക്കാം. ഒരു ബുദ്ധിമാനായ ദേഹം പറഞ്ഞിട്ടുള്ളത് ഇപ്രകാരമാണ്. "ഭാഗ്യമായിരിപ്പാൻ ഒരേ ഒരു മാർഗ്ഗമേയുള്ളു; അത് അവനവന്റെ കടമകളെ വെടിപ്പായി ചെയ്യുകയാകുന്നു."

## VIII.

നമ്മുടെ ചുററും സ്ഥിതിചെയ്യുന്നവർക്കു സന്തോഷം നൽകുന്നത് എത്ര മധുരവും ആനന്ദകരവുമായ ഒരു പ്രവൃത്തിയാണ്! ക്രിസ്ത്യാനികളുടെ ഇടയിൽ ഇത് ഏററവും സ്വാഭാവികമാണ്; എന്നാൽ ഒരു കുടുംബത്തിലേയോ സഭയിലേയോ അംഗങ്ങളുടെ മദ്ധ്യേ ഇത്. മിക്കവാറും ഒരു മുറയായിത്തീരുന്നു എന്നു പറയാം. എന്നാൽ ഇതരന്മാർക്കു സന്തോഷം നൽകുവാൻ എന്താണ് ആവശ്യമായിരിക്കുന്നത്?—ഏററവും നിസ്സാരമായ കാര്യങ്ങൾ മാത്രം. എല്ലാററിലും ആവശ്യമായിട്ടുള്ളത് നമ്മുടെ അധരപുടങ്ങളിൽ സദാ ഒരു പുഞ്ചിരിയുണ്ടായിരിക്കുന്നതാണ്. ഹാ! ഒരു പുഞ്ചിരിയുടെ ശക്തി ആർക്കു വർണ്ണിപ്പാൻ കഴിയും? നമ്മെ സംബന്ധിച്ചേടത്തോളം അത് ആർദ്രത ക്ഷമ, സഹിഷ്ണുത, എന്നുവേണ്ട അന്യരോടുള്ള സമ്പർക്കത്തിൽ കാണിക്കാൻ ഇടവരുന്ന സർവ്വ സുകൃതങ്ങളുടെയും ഒരു കാവൽക്കാരനാകുന്നു. നമ്മുടെ അധരങ്ങളിൽ ഒരു മന്ദസ്മേരം സ്ഫുരിക്കുന്ന കാലത്തോളം, അന്യർക്കു നാം നിമിത്തം യാതൊരു മനഃകുണ്ഠിതവും ഉണ്ടാകയില്ലെന്നുള്ളത് തീർച്ചയാണ്. മററുള്ളവർക്ക് അത് കൃതാർത്ഥതയ്ക്കും, സന്തോഷത്തിനും തൃപ്തിക്കും പ്രോത്സാഹത്തിനും നിദാനമാകുന്നു. ഒരു ഒററവാക്കു ഉരിയാടാതെതന്നെ, അന്യർക്കു ആനന്ദം നൽകുന്നു; നാം ഒരു മന്ദഹാസത്തോടുകൂടെ അവരുടെ സമീപം ചെല്ലുമ്പോൾ അവർക്കു നമ്മിൽ വിശ്വാസം ജനിക്കുന്നു. പക്ഷേ, നിങ്ങൾ പ്രകൃത്യാ ഗംഭീരാശയനാണെന്നും അതുകൊണ്ട് പുഞ്ചിരിതൂകുവാൻ സാധിക്കയില്ലെന്നും പറഞ്ഞേക്കാം. എന്നാൽ ഇത് വെറും ദുരഭിമാനമാണെന്ന് ഞാൻ പറഞ്ഞുകൊള്ളട്ടെ. എത്ര ഗംഭീരമനസ്കനും, അല്പം ശ്രമിച്ചാൽ, പ്രസന്നശീലം സമ്പാദിക്കാവുന്നതാണ്. മനസ്സ് പ്രസന്നവും പരിശുദ്ധവുമായാൽ അത് മുഖത്ത് പ്രതിബിംബിക്കാതിരിക്കയില്ല.

## IX.

മനസ്സമാധാനപാലനത്തിന്റെ രഹസ്യം, യാതൊന്നും പരിഭ്രമത്തോടുകൂ

ടെ ചെയ്യാതിരിക്കുകയാകുന്നു. നിങ്ങളുടെ കൃത്യങ്ങൾ ശാന്തസങ്കലിതവും ആലോചനാപൂർണ്ണവും ആയിരിക്കട്ടെ. വളരെ പ്രവൃത്തികൾ ചെയ്വാനല്ലാ, ചെയ്യുന്നത് നന്നായിരിപ്പാനാണ് ശ്രമിക്കേണ്ടത്. അന്ത്യനാളിൽ നാം അനവധി ജോലികൾ ചെയ്തോ എന്നല്ലാ, അവയെ ചെയ്യുന്നതിൽ നമ്മുടെ ആത്മാവുകൾ വിശുദ്ധീകരിക്കപ്പെട്ടോ എന്നാണ് ദൈവം പരിശോധിക്കുന്നത്. എന്നാൽ നമ്മെത്തന്നെ വിശുദ്ധീകരിക്കുന്നതിനുള്ള മാർഗ്ഗം സകലത്തും ദൈവത്തെ പ്രീതി ചെയ്യുകയാകുന്നു. അതോടുകൂടി, നമ്മുടെ കൃത്യാനുഷ്ഠാനങ്ങൾ വെടിപ്പായിരിക്കയും വേണം. സ്വാത്മമലിനമായ കർമ്മങ്ങൾക്ക് യാതൊരു വിലയും ഇല്ല. അവയ്ക്കു പരലോകത്തിൽ ഒരു പ്രതിഫലവും ലഭിക്കയില്ലെന്നുള്ളതും നിശ്ചയമാണ്.

X.

"എന്റെ പ്രവൃത്തികൾ വെടിപ്പായി ചെയ്യുന്നതിനനുസരിച്ച് എന്റെ മനസ്സ് ആനന്ദിക്കുന്നു" എന്ന് ഒരു വിശുദ്ധദേഹം ഒരിക്കൽ പറകയുണ്ടായിട്ടുണ്ട്. ഈ വിശിഷ്യ വാക്യത്തിന്മേൽ നാം അല്പമൊന്നു ചിന്തിക്കുക തന്നെ. ഒരുവന്റെ മുറകൾ ശരിയായി ചെയ്യുക—ഇതുതന്നെയാണ് സൌഭാഗ്യജീവിത രഹസ്യം. ആകയാൽ, വേണമെന്നിരുന്നാൽ ആർക്കും സൌഖ്യമായിരിക്കാം. ഇതുവരെ നമുക്കു സുഖസ്വാദനം ഉണ്ടായിട്ടില്ലെങ്കിൽ അതിനു കാരണം, മേല്പറഞ്ഞ തത്വം നാം പരിശീലനത്തിൽ കൊണ്ടുവരായ്കയാണ്. എന്നാൽ ഇതിന് എന്താണു വേണ്ടത്? ഹാ, വളരെ നിസ്സാരമായ ഒരു സംഗതി ഓർമ്മയിൽ വെയ്ക്കുകമാത്രം. നമ്മുടെ സല്പ്രവൃത്തികളും ദൈവത്തെ തൃപ്തിപ്പെടുത്തുവാൻ വേണ്ടി ചെയ്യുക; ആ പ്രവൃത്തികൾ ദൈവം ആജ്ഞാപിച്ചിട്ടുള്ള രീതിയിൽ ചെയ്യുക; ഓരോ പ്രവൃത്തികൾ ചെയ്യുമ്പോഴും, മററു പ്രവൃത്തികൾ നമുക്കില്ലാതിരുന്നാൽ എന്നപോലെ, അവയിൽ പൂർണ്ണമനസ്സുവെച്ചുകൊണ്ടു ചെയ്യുക. ഈ പ്രമാണത്രയങ്ങൾ അനുസരിപ്പാൻ ആർക്കും കഴിയുമെന്നാണ് എന്റെ വിശ്വാസം.

കെ. പി. പീററർ.

# ഗൃഹസഖി.

"കർമ്മലകുസുമം" ൧൯-ാം വയസ്സിൽ പ്രവേശിച്ചിരിക്കുന്ന ഈ അവസരത്തിൽ ആ വിലയേറിയ മാസികയേ സംബന്ധിച്ചു സ്വല്പം പ്രസ്താവിക്കുന്നതു അസ്ഥാനത്തിലാകുകയില്ലെന്നു വിശ്വസിക്കുന്നു. "കർമ്മലകുസുമം" ൧-ാം പുസ്തകം ആദ്യലക്കം മുതൽ ഇതുവരെയുള്ള എല്ലാ ലക്കങ്ങളും മനസ്സിരുത്തി വായിച്ചിട്ടുള്ളവരിൽ ഒരുവനാണ് ഞാൻ. കർമ്മലനാഥയുടെ മക്കളായ കത്തോലിക്കരുടെ സകല ഭവനങ്ങളിലും ഒരു സഖിയായി സ്വീകരിക്കപ്പെടുന്നതിനു അർഹതയുള്ള ഒരു മാസികയാണ് "കർമ്മല കുസുമം" എന്നുള്ള എന്റെ അനുഭവസിദ്ധമായ അഭിപ്രായത്തെ പിൻതാങ്ങുന്നതിൽ വൈമുഖ്യമുള്ളവരായി- ഈ ഉൽകൃഷ്ടമാസികയെ മനസ്സിരുത്തി വായിച്ചിട്ടുള്ളവരിൽ ആരും ഉണ്ടാകയില്ലെന്നാണ് എന്റെ വിശ്വാസം. എല്ലാ വീടുകളിലും ഈ മാസികയ്ക്കു പ്രവേശനം ഉണ്ടാകണമെന്നുള്ള വിചാരം തൽഭാരവാഹികൾക്കു ആരംഭം മുതൽതന്നെ ഉണ്ടായിരുന്നു എന്നുള്ളതിനു ഇതിന്റെ വിലക്കുറവ് തക്ക തെളിവാണല്ലൊ. ആണ്ടിൽ ഒരേ ഒരു രൂപാമാത്രം വരിസംഖ്യ. ഓരോ ആണ്ടത്തെ ലക്കങ്ങൾ ഒരുമിച്ചു വിഷയവിവരണികസഹിതം കുത്തിച്ചാൽ ഇരുനൂറോളം പക്ഷങ്ങളുള്ള ഒരു പുസ്തകമാകും. മലയാളഭാഷയിൽ വേദസംബന്ധമായ പുസ്തകങ്ങൾ നമുക്കു അധികമില്ലെന്നുള്ളതിനു ഇതൊരു പരിഹാരവുമാകും. രസകരങ്ങളും ജ്ഞാനപ്രദങ്ങളുമായ പല നല്ല ഉപന്യാസങ്ങളും ഈ മാസികയിൽ ഉണ്ടായിരിക്കുമെന്നുള്ളതു ഇതിന്റെ അനന്യസാധാരണമായ ഒരു ഗുണമാണ്. ഇതിലെ ഭാഷ എല്ലാവർക്കും സുലഭമായി മനസ്സിലാകത്ത

ക്ക ലളിതരീതിയിലാണ താനും. ഏതാദൃശ ഗുണങ്ങളോടുകൂടിയ ഈ മാസികയെ "കർമ്മെലകുസുമം കേരളത്തിലെ എല്ലാ കത്തോലിക്ക കുടുംബങ്ങളിലും പ്രവേശിച്ചതായി അറിവാൻ നാം ആഗ്രഹിക്കുന്നു" എന്നുള്ള അ. ഉ. ദെലഗാദ്ദ് തിരുമേനിയുടെ ആഗ്രഹത്തെ അനുസരിച്ചും— "കുടുംബങ്ങളിൽ കത്തോലിക്ക പ്രസിദ്ധീകരണങ്ങൾ വാങ്ങിവായിക്കുന്നതിനു മാതാപിതാക്കന്മാരെ പ്രത്യേകം പ്രോത്സാഹിപ്പിക്കണം" എന്നുള്ള മരിയൻ കൊൺഗ്രസ്സിൻെറ നിശ്ചയത്തെ അടിസ്ഥാനപ്പെടുത്തിയും എല്ലാ വീടുകളിലും ഒരു ഗ്രഹസഖിയായി സ്വീകരിക്കുന്നതിനു കുടുംബത്തലവന്മാർ ഉത്സാഹിക്കണമെന്നു സവിനയം ആവശ്യപ്പെട്ടും ഈ ഇടവകയിൽ ഇതിനു സർവ്വത്ര പ്രചാരമുണ്ടാകുന്നതിനു കഴിയുന്നത്ര പരിശ്രമിക്കുന്നതാണെന്നറിച്ചും കർമ്മെലകുസുമത്തിനു ശോഭനമായ ഒരു ഭാവിയെ ആശംസിച്ചും വിരമിക്കുന്നു.

പി. കെ. അന്തോനിക്കത്തനാർ.

# അൾത്താരിമേൽ ഉറക്കം.

## I.

സീൻനദി, ഫ്രാൻസിലെ ഏററവും പ്രധാനപ്പെട്ട ഒരു ആറാണ്. അതിലുള്ള ഒരു ദ്വീപിൽ ഗ്രാവറോളീസ് എന്നു പേരായി ഒരു ചെറിയ ഗ്രാമമുണ്ട്. ആ ഗ്രാമത്തിൽ നാല്പതിൽ അധികം വീടുകൾ ഉണ്ടായിരുന്നില്ല. അവിടെ ഒരു ചെറിയ മിഷ്യൻ കപ്പേളയുണ്ടായിരുന്നതിൽ റിഞ്ഞി എന്ന സ്ഥലത്തെ വികാരിയച്ചൻ വന്നു ദിവ്യപൂജ അപ്പിക്കയും, അവിടെത്തെ ജനങ്ങളുടെ ആത്മീയ കാർയ്യങ്ങൾ യഥാവിധി അന്വേഷിക്കയും ചെയ്യുക പതിവായിരുന്നു. കുഞ്ഞുങ്ങളുടെ വേദോപദേശ വിഷയത്തിൽ അദ്ദേഹം പ്രത്യേകാസക്തി പ്രദശിപ്പിച്ചിരുന്നു. അദ്ദേഹത്തിൻെറ ശിഷ്യഗണത്തിൽ പതിനൊന്നുവയസ്സു മാത്രം പ്രായമുള്ള പീററർ ഹിറോ എന്നൊരു ബാലൻ, അസാധാരണശക്തിയും ഈശ്വരഭക്തിയും ശുദ്ധതയുമുള്ളവനായി കാണപ്പെട്ടിരുന്നു. അവനായിരുന്നു ദിവ്യപൂജയിൽ അദ്ദേഹത്തിനു സഹായിയായിരുന്നത്. അവൻെറ ആദ്യ കുർബാനകൈക്കൊള്ളപ്പാട് ഇനിയും കഴിഞ്ഞിട്ടില്ല. അതു സാധിക്കുന്നതിനു അവൻ വലിയ ആഗ്രഹവും ബദ്ധപ്പാടും കാണിച്ചിരുന്നുവെങ്കിലും, ആ മഹൽകൃത്യം അടുത്ത മേമാസത്തിൽ നിർവ്വഹിച്ചാൽ മതിയെന്നായിരുന്നു നിശ്ചയിക്കപ്പെട്ടിരുന്നത്. ആ ഭാഗ്യപരിപൂർണ്ണമായ സുദിനത്തെ കൌതുകപൂർവ്വം പ്രതീക്ഷിച്ചുകൊണ്ട് ആ ബാലൻ അങ്ങനെ കഴിഞ്ഞുപോരുകയാണ്.

൧൮൭൦ ജനുവരി ൨൮-ാംനു- ആ ഗ്രാമത്തിൽ നിന്നും ഏറെ വിദൂരമല്ലാത്ത റിഞ്ഞി എന്ന സ്ഥലത്തെ പള്ളിക്കൂടത്തിലേക്ക് പീററർ ഹിറോ ബദ്ധപ്പെട്ടു നടന്നുപോകയായിരുന്നു. നദിയിലുള്ള ഒരു പാലം കടന്നപ്പോൾ, തലേദിവസത്തേക്കാൾ സീൻനദിയിൽ വെള്ളം പൊങ്ങിയിരിക്കുന്നതായി അവൻ കണ്ടു. എന്നാൽ അവൻ പാക്കുന്ന ഗ്രാവറോളീസ് ഗ്രാമം, നദിയുടെ നിരപ്പിൽനിന്നും വളരെ ഉയന്നിരുന്നതിനാൽ, അവിടെ വെള്ളപ്പൊക്കം നിമിത്തം ഭയപ്പെടാനൊന്നുമില്ലെന്നു അവൻെറ വീട്ടിൽ പലപ്പോഴും പറഞ്ഞുകേട്ടിട്ടുള്ളതിനെ ഓർമ്മിച്ചു ധൈർയ്യപ്പെട്ടുകൊണ്ട്, അവൻ പിന്നെയും മുമ്പോട്ടുതന്നെ ഗമിച്ചു. പാഠപ്പുസ്തകങ്ങൾ കൂടാതെ അവൻെറ ഉച്ചഭക്ഷണത്തിനുള്ള ആഹാരസാധനങ്ങളും മൂടികയുള്ള ഒരു ചെറിയ കുട്ടയിൽ, അവൻ വഹിച്ചിരുന്നു. ഇടസ്സിടെയ്ക്കു അതിൽനിന്നും ഏതാനും അപ്പക്കഷണങ്ങൾ എടുത്തു ഭക്ഷിക്കയും, പുസ്തകത്തിൽ നോക്കി വായിക്കയും ചെയ്തുകൊണ്ടായിരുന്നു അവൻെറ യാത്ര. അന്നത്തെ അവൻെറ പാഠം, ഒരു വിശേഷപ്പെട്ട പാഠം

മായിരുന്നു. പള്ളിക്കൂടങ്ങളുടെ ഉപയോഗത്തിനായി ലാഫൻടൈൻ എന്നൊരു ഗ്രന്ഥകാരനാൽ രചിക്കപ്പെട്ടിട്ടുള്ള കഥാപുസ്തകത്തിന്റെ ഒരു പുതിയ പതിപ്പാണ്, ദൈവത്തിന്റെ നാമംകൂടെ ശബ്ദിക്കുന്നതിനു സമ്മതിക്കാത്ത അന്നത്തെ ഫ്രഞ്ചുഗവർമ്മേണ്ട്, ആ കൊല്ലത്തിൽ അവിടെ പാഠ്യപുസ്തകമായി അംഗീകരിച്ചിരുന്നതു്. അന്നത്തെ അവന്റെ പാഠത്തിൽ, ദൈവനാമത്തെ ഗ്രഹനം ചെയ്തുകൊണ്ട് ഏതാനും ചില വാചകശകലങ്ങൾ ഉണ്ടായിരുന്നു. "അവർ ജീവൻ കൊടുക്കുന്നുവെങ്കിൽ ചെറിയ മത്സ്യം വലിയതാകും" എന്നതു് അതിലെ വാക്യശകലങ്ങളിൽ ഒന്നായിരുന്നു. ഈ വാചകത്തെ സംബന്ധിച്ചു ഇതിനുമുമ്പുതന്നെ അവൻ വികാരിയച്ചനുമായി സംസാരിക്കയും, ആ വാക്യത്തിലെ 'അവർ' എന്ന പദത്തിനു പകരം പുസ്തകത്തിന്റെ മുമ്പത്തെ പതിപ്പിൽ ദൈവമെന്നായിരുന്നു എഴുതപ്പെട്ടിരുന്നതെന്നും, നിരീശ്വരവാദികളും ദുർബുദ്ധികളുമായ ഏതാനും ചില ഗവർമ്മേൻറധികാരികളുടെ താന്തോന്നിത്തത്തിന്റെ ദുഷ്ഫലമായിട്ടാണ് കുട്ടികളുടെ പാഠ്യപുസ്തകങ്ങളിൽ ഈ വക പാഠഭേദങ്ങൾ ഉണ്ടായിരിക്കുന്നതെന്നും മററും, അവൻ അദ്ദേഹവുമായുള്ള സംഭാഷണത്തിൽനിന്നു ഗ്രഹിക്കയും ചെയ്തിരിക്കുന്നു.

ഈ സംഗതികളെക്കുറിച്ചു് ചിന്തിച്ചുംകൊണ്ടാണ് അവൻ ക്ലാസിൽ വന്നു കയറിയതു്. ക്ലാസിൽ പ്രവേശിച്ചതിന്റെ ശേഷം, അദ്ധ്യാപകൻ അവനെ വിളിച്ചു് അവന്റെ പാഠം ചൊല്ലുവാൻ പറഞ്ഞു. "ദൈവം ജീവൻ കൊടുക്കുന്നുവെങ്കിൽ . . . ." എന്നിങ്ങനെ അവൻ ചൊല്ലിത്തുടങ്ങി. അപ്പോൾ അദ്ധ്യാപകൻ:– എടാ കൊച്ചുവിഡ്ഢി! ഇവിടെ ദൈവനാമം ശബ്ദിക്കാൻ പാടില്ല. പുസ്തകത്തിൽ എഴുതിയിരിക്കുന്നതു പോലെ വായിച്ചു പഠിക്കണം. പീററർ:– സാർ ഈ പുസ്തകത്തിന്റെ കർത്താവു് ലാഫൻടൈൻ തന്നെയാണല്ലൊ, ഇതിന്റെ മുമ്പത്തെ പതിപ്പിൽ ഇങ്ങനെ എഴുതിയിരിക്കുന്നതു്. അദ്ധ്യാപകൻ:– അനുസരണമില്ലാത്ത കുട്ടി! അധികപ്രസംഗം പറയണ്ടാ. നിന്റെ ദുരഹങ്കാരത്തിനു ശിക്ഷയായി ഈ പാഠം മൂന്നാവൎത്തി പകൎത്തിയെഴുതുക. നിങ്ങൾ കുട്ടികൾ! പാകതവന്നിട്ടില്ലാത്തകൊച്ചുകുഞ്ഞുങ്ങൾ! നിങ്ങൾക്കൊന്നുമറിഞ്ഞുകൂടാ. ഞാൻ പറയുന്നതിനെ കേൾക്കുക. മൂഢതയുടെയും അന്ധകാരത്തിന്റെയും നാൾ കഴിഞ്ഞുപോയി. ജ്ഞാനത്തിന്റെയും പ്രകാശത്തിന്റെയും കാലങ്ങളാണ് ഇപ്പോൾ. മൂഢാചാരങ്ങളും അന്ധവിശ്വാസങ്ങളും ജനങ്ങളുടെയിടയിൽനിന്നും പറന്നുപോയിരിക്കുന്നു. ശാസ്ത്രീയങ്ങളായ അറിവുകൾ, പ്രയോജനമില്ലാത്ത ഭയത്തിൽനിന്നും ജനങ്ങളെ ഉദ്ധാരണം ചെയ്തിരിക്കുന്നു. ജലപ്രളയത്തിൽനിന്നും ഭൂകമ്പത്തിൽനിന്നും ജ്ഞാനം അവരെ പരിരക്ഷിച്ചിരിക്കുന്നു. ഈശ്വരപദം വെറും നിരൎത്ഥകമായ ഒരു ശബ്ദം മാത്രമാണ്.' നിങ്ങൾ വൃഥാ അനധാളിക്കാതെ എന്റെ ഉപദേശങ്ങളെ സ്വീകരിക്കുക" അദ്ധ്യാപകന്റെ അവിവേകമായ ഈ പ്രസംഗം, കുട്ടികളുടെയിടയിൽ പരിഹാസസൂചകമായ ഒ ഒരു ക്ഷോഭത്തെയുണ്ടാക്കി. ഭയങ്കരമായ ഈ ദൈവദൂഷണത്തിന്റെ പ്രഖ്യാപനത്തിൽ, പീററർ അത്യന്തം രോഷാകുലനായി മുഖം ചുവപ്പിച്ചു. എങ്കിലും, കുപ്പായത്തിനടിയിൽ അവൻ ധരിച്ചിരുന്ന ഒരു ചെറിയ കുരിശുരൂപത്തെ മാറോടുചേൎത്തുമന്ദമായിഅമർത്തികൊണ്ട് ശാന്തഗംഭീരനായി അവിടെയടങ്ങിയിരുന്നതേയുള്ളു.

സീൻ നദിയിൽ ജലപ്രവാഹം ആരംഭിച്ചിട്ട് ഇപ്പോൾ ദിവസങ്ങൾ രണ്ടായി. തന്നിമിത്തം ഗണ്യമായ യാതൊരു ദോഷവും ഇതേവരെയുണ്ടായിട്ടില്ല. അതിനാൽ മേലിലും ഭയപ്പെടാനില്ലെന്നു വാദ്ധ്യാർ പറഞ്ഞു. "ജലപ്രളയമുണ്ടാകാൻ പോകുന്നുവെന്നു കാണുമ്പോൾ പണ്ടത്തെപ്പോലെ ജനങ്ങൾ അവരുടെ വിറയ്ക്കുന്ന ഹസ്തങ്ങളെ ഇപ്പോൾ ആകാശത്തിലേക്കു ഉയൎത്തുന്നില്ല. വിശുദ്ധന്മാരെന്നു വിശ്വസിക്കപ്പെടുന്ന ആളുകളുടെ, അതായതു് സെൻറു ഊർസുലായുടേയോ സെയിൻറ് പോളികാർപ്പിന്റെയോ അസ്ഥിശകലങ്ങൾ വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണങ്ങളാവട്ടെ, അരുളിക്കായിൽ ഓസ്തി എഴു

ന്നള്ളിച്ചുകൊണ്ടുള്ള പ്രദക്ഷിണങ്ങളാവട്ടെ, ഗ്രാമങ്ങളിൽ ഇപ്പോൾ ജനങ്ങൾ നടത്തുന്നില്ല." ഇപ്രകാരം എഴുതുക എന്നു വാദ്ധ്യാർ കുട്ടികളോടു കല്പിച്ചു. എന്നാൽ കുട്ടികൾ ആരുംതന്നെ, ആ ശാസനയെ സ്വീകരിച്ചില്ല. അങ്ങനെ എഴുതുന്നതിനു അവൎക്ക് മനസ്സില്ലെന്നു കാണിക്കുന്നതിനു വേണ്ടി അവർ, അവരുടെ തൂലികകളെ താഴെ ഇട്ടുകളഞ്ഞു. വാദ്ധ്യാർ കോപാന്ധനായി മീശ 'ഞെറുമ്പിച്ച്" അവരെ മിഴിച്ചുനോക്കി. ആരും ഒന്നും അനങ്ങിയില്ല. സ്വല്പനേരത്തേക്കു അവിടെ ഒരു നിശ്ശബ്ദത വ്യാപിച്ചു. ഒടുവിൽ, ആ നിശ്ശബ്ദതയെ ഭഞ്ജിച്ചുകൊണ്ട് ഗൌരവസ്വരത്തിൽ പീററർ പ്രതിവചിച്ചു:- "ഈവിധമുള്ള ദൈവദൂഷണങ്ങൾ ഞങ്ങൾ ഒരിക്കലും എഴുതുകയില്ല" ഇതുപറഞ്ഞ ഉടൻതന്നെ പീററർ അവിടെ നിന്നു എഴുന്നീററു ക്ലാസിനു വെളിയിലേക്കു പൊയ്ക്കളഞ്ഞു. നല്ല കുട്ടികളെല്ലാവരും അവനെ അനുഗമിച്ചു. അദ്ധ്യാപകൻ പതിവില്ലാതെ പ്രദൎശിപ്പിച്ച അപനയത്തെക്കുറിച്ചും, അതികുത്സിതങ്ങളായ ദൈവദൂഷണങ്ങളെ ശ്രവിക്കാനിടയായതിനെ സംബന്ധിച്ചും, ആലോചിച്ചു വ്യസനിച്ച് ഏങ്ങിയേങ്ങിക്കരഞ്ഞുംകൊണ്ട് പീററർ ഹീറോ പള്ളിക്കൂടത്തിൽ നിന്നുപോയ ആ പോക്കു കാണേണ്ടതു തന്നെയായിരുന്നു.

അദ്ധ്യാപകനാകട്ടെ താൻ ഇന്നു കുട്ടികളോടു പെരുമാറിയ നയം, ഏത്രയും ജുഗുപ്സാവഹമായിപ്പോയി എന്നും, ഈ വിവരം കുട്ടികൾ മൂലം വികാരിയച്ചനും, സ്വാധീനബലമുള്ള അദ്ദേഹം വഴിയായി കുട്ടികളുടെ മാതാപിതാക്കന്മാരും അറിവാൻ ഇടയായേക്കാമെന്നും, അങ്ങനെ സംഭവിക്കുന്ന പക്ഷം, അവർ ഇതിങ്കൽ ക്ഷോഭിച്ച് വല്ല ബഹളവുമുണ്ടാക്കാനിടയുണ്ടെന്നും കരുതി, വിഷണ്ണനായി കുറെ ഇരുന്നശേഷം പാഠം തുടൎന്നു. പിന്നീടു അന്ന് അയാൾ ദൈവത്തേയോ വിശുദ്ധന്മാരുടെ തിരുശേഷിപ്പുകളേയോ സംബന്ധിച്ച് യാതൊന്നും പ്രസ്താവിക്കയുണ്ടായില്ല

(തുടരും.)

തോമ്മസ് മലയിൽ.

## കൎമ്മലനാഥയുടെ കുഞ്ഞുമക്കൾക്ക്.

### മററുള്ള സൃഷ്ടികൾ.

പ്രിയകുഞ്ഞുങ്ങളേ,

ഗ്രീസ്‌രാജ്യത്തിൽ പണ്ടു മഹാസമ്പന്നനായ ഒരാൾ ഉണ്ടായിരുന്നു. അയാൾ ശാസ്ത്രങ്ങൾ അഭ്യസിക്കുന്നതിനായിട്ടുള്ള ശ്രമങ്ങൾ തുടങ്ങി- എന്നാൽ അയാളുടെ വസ്തുവകകളേയും, ധന ഏടപാടുകളേയും കുറിച്ചുള്ള ചിന്തയും, അതുകളെക്കുറിച്ചു ഇടവിടാതുള്ള ബദ്ധപ്പാടും നിമിത്തമായി ശാസ്ത്രാഭ്യസന വിഷയത്തിൽ തീരെ അഭിവൃദ്ധിയുണ്ടായില്ല. ഇതിനാൽ ഇയാൾ ചെയ്തതു എന്താണെന്നല്ലേ കേൾക്കേണ്ടതു്. തനിക്കുള്ള സമസ്തവും വിററു പണമാക്കിക്കൊണ്ടു ഒരു കപ്പലിൽ കയറി, കടലിന്റെ മദ്ധ്യേ ചെന്നപ്പോൾ, "ശാസ്ത്രസമ്പാദനത്തിനു എനിക്കു പ്രതിബന്ധമായി തീൎന്നിരിക്കുന്ന നിങ്ങൾ ഇനി ഇവിടെകിടന്നുകൊൾക" എന്നു പറഞ്ഞുകൊണ്ടു, അതെല്ലാം ഒന്നാകെ കടലിലേക്കു എറിഞ്ഞുകളകയും, തിരികെ വന്നു പഠനങ്ങൾ തുടൎന്നു ഒരു മഹാ വലിയ ശാസ്ത്രിയായിത്തീരുകയും ചെയ്തു.

മനുഷ്യൻ എന്തിനാണ് ഈ ലോകത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നുള്ളതിനെപ്പററി കഴിഞ്ഞ തവണ ഞാൻ നിങ്ങളോടു പറഞ്ഞുകേൾപ്പിച്ചു. ഇനി, മനുഷ്യനെ കൂടാതെ വേറെയും സൃഷ്ടികൾ ലോകത്തിൽ പലതുണ്ട്. അതുകളെല്ലാം എന്തുദ്ദേശത്തോടുകൂടെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്നു ഇത്തവണ നമുക്കാലോചിക്കാം. ലോകത്തിൽ കാണുന്ന മററു സകല സൃഷ്ടികളും മനുഷ്യനുവേണ്ടി

തന്നെയാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അതുകളെയെല്ലാം ദൈവം നമ്മുടെ അധികാരത്തിൽ ഏൾപ്പിച്ചുതന്നിരിക്കുന്നു. നമുക്കു അതുകളെ ഉപയോഗിക്കയും ചെയ്യാം. എന്നാൽ എങ്ങനെ ഉപയോഗിക്കണം, എന്നുള്ള കാൎയ്യത്തിലാണ് ശ്രദ്ധ വെയ്ക്കേണ്ടതു്. ഒരു, പുണ്യാത്മാവു അരുളിച്ചെയ്തിരിക്കുന്ന ഒരു ചെറിയ പ്രമാണം ഇതിലേക്കു എത്രയും ഉപകരിക്കുന്നതാണ്. “Tantum quantum” ‘താന്തും കാന്തും’ അതായതു, നമ്മുടെ നിത്യരക്ഷയ്ക്കു അതുകൾ എത്രയ്ക്കു ഉപയോഗപ്പെടുമൊ, അത്രയ്ക്കുമാത്രം നാം അതുകളെ ഉപയോഗപ്പെടുത്തണം. അതിന്നു വിഘ്നമായിത്തീരുന്നതു എന്തോ അതു് നാം പരിവൎജ്ജിക്കണം. മേൽപ്രസ്താവിക്കപ്പെട്ട അജ്ഞാന തത്വശാസ്ത്രജ്ഞൻ പ്രവൎത്തിച്ചതിനെതന്നെ നോക്കുക. ശാസ്ത്രം സമ്പാദിക്കണമെന്നുള്ളതു അയാളുടെ പ്രധാന അന്ത്യമായി അയാൾ നിശ്ചയിച്ചു കഴിഞ്ഞപ്പോൾ, അതിലേക്കു വിരോധിക്കുന്നതായി കാണപ്പെട്ടതെല്ലാം പരിത്യജിക്കുന്നതിന്നു അയാൾ മടിച്ചില്ല. ഇതിനെക്കാൾ എത്രയൊ പ്രധാനമേറിയ അന്ത്യമായിരിക്കുന്നു നമ്മുടെ നിത്യരക്ഷ! ഇതു പ്രാപിക്കുന്നതിലേക്കു തടസ്സം ചെയ്യുന്ന എന്തും ഉപേക്ഷിക്കുന്നതിന്നു നാം ഒരുക്കമുള്ളവരാകേണ്ടതല്ലയൊ?

ലോകവസ്തുക്കളിൽവച്ചു, നമ്മുടെ നിത്യഭാഗ്യത്തിൽ നിന്നു നമ്മെ ശക്തിയായി അകറ്റുന്നതു സമ്പത്തുതന്നെയാകുന്നു. ഇതിനാൽ സമ്പന്നൻ സ്വൎഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതു വളരെ വിഷമമെന്നുതന്നെ നമ്മുടെ ദിവ്യരക്ഷനാഥൻ അരുളിച്ചെയ്തിരിക്കുന്നു. എന്നാൽ സമ്പത്തുള്ള ഒരു കുടുംബത്തിൽ പിറന്നതുകൊണ്ടു മോക്ഷഭാഗ്യം കിട്ടാതെ വരുമൊ എന്നു നിങ്ങൾ ഭയപ്പെട്ടുപോയേക്കരുതു്. സമ്പത്തിന്മേലുള്ള അതിയായ ആഗ്രഹത്തെക്കുറിച്ചത്രെ കൎത്താവു ഇവിടെ കല്പിച്ചിരിക്കുന്നതു്. ദൈവത്തെക്കാൾ ദ്രവ്യത്തെ സ്നേഹിച്ചുതുടങ്ങുന്ന ആ ദുരാഗ്രഹികൾക്കാണ് അതുകൊണ്ടു നാശമുണ്ടാകുന്നതു. വേണ്ടപോലെ അതിനെ ഉപയോഗിക്കുന്നതായാൽ അതുതന്നെ തങ്ങൾക്കും അന്യൎക്കും രക്ഷാമാൎഗ്ഗമായി പരിണമിക്കുന്നതാണ്. ചുരുക്കിപ്പറഞ്ഞാൽ “താന്തും കാന്തും” എന്ന ആ പ്രമാണം മുറുകെപ്പിടിച്ചുകൊണ്ടാൽ യാതൊന്നും ഭയപ്പെടാനില്ല. ഏതൊരു വസ്തു അഥവാ ആളു് എപ്പോൾ എവിടെവച്ചു നിത്യരക്ഷയ്ക്കു് പ്രതിബന്ധമാകുന്നുവോ, തൽക്ഷണം നാം അതിനെ ഉപേക്ഷിക്കണം. അതുകൊണ്ടു ലൌകികമായ ഏതൊരു വിഷമവും, കാൎയ്യനഷ്ടവും നമുക്കു നേരിട്ടാലും അതു കഥ വയ്ക്കരുതു്. ദിവ്യരക്ഷകൻ തന്നെ അരുളിച്ചെയ്തിരിക്കുന്നതു ഓൎക്കുക. “നിന്റെ കണ്ണു് നിനക്കു് ഇടൎച്ചയ്ക്കു കാരണമാകുമെങ്കിൽ, ആ കണ്ണു കുത്തിക്കളക; എന്തുകൊണ്ടെന്നാൽ രണ്ടു കണ്ണുകളോടുകൂടെ നരകത്തിൽ പോകുന്നതിനേക്കാൾ ഒരു കണ്ണുള്ളവനായി സ്വൎഗ്ഗത്തിൽ പോകുന്നതു നന്നായിരിക്കുന്നു.” നിന്റെ കണ്ണുപോലെ നീ സ്നേഹിക്കുന്ന നിന്റെ ചില സ്നേഹിതന്മാരേയൊ, സ്ഥലങ്ങളേയൊ, സംസൎഗ്ഗങ്ങളേയൊ വിട്ടുപേക്ഷിക്കേണ്ടി വന്നാലും, അതിന്നു നീ മടിക്കേണ്ടാ; എന്തുകൊണ്ടെന്നാൽ നിന്റെ നിത്യരക്ഷ ഇതിലൊക്കെ പ്രധാനമായിട്ടുള്ളതാകുന്നു. ഹാ! ദൈവമേ! ഈവിധത്തിൽ സൃഷ്ടികളെ ഉപയോഗപ്പെടുത്താതെ, രക്ഷയ്ക്കുസഹായമായി നൽകപ്പെട്ടിരിക്കുന്ന അതുകൾ തന്നെ ശിക്ഷയ്ക്കു ഹേതുവാക്കിത്തീൎക്കുന്നവർ എത്രയോ പേർ?

ആകയാൽ പ്രിയ കുഞ്ഞുങ്ങളേ! അദ്ധ്യാത്മിക പള്ളിക്കൂടത്തിൽ നിങ്ങൾ പഠിക്കാനുള്ള ഈ രണ്ടാംപാഠം നല്ലപോലെ പഠിച്ചുകൊൾക. സൎവ്വ ശാസ്ത്രങ്ങളേക്കാൾ നിങ്ങൾക്കു പ്രയോജനപ്പെടുന്ന ശാസ്ത്രമാകുന്നു ഇതു്. നല്ല ദൈവമേ! ഈ തത്വങ്ങളൊന്നും വേണ്ടപോലെ മനസ്സിലാക്കാതെ ഇതേവരെ നടന്നുപോയി. നിന്റെ സ്തുതിയ്ക്കും എന്റെ രക്ഷയ്ക്കും ഉപയോഗപ്പെടുത്തുന്നതിലേക്കു എനിക്കു ചുറ്റും നീ സ്ഥാപിച്ചിട്ടുള്ള ഓരോ വസ്തുക്കൾ വഴിയായിട്ടുതന്നെ ഞാൻ നിന്നെ ഉപദ്രവിച്ചുപോയി. എന്റെ അറിവില്ലായ്കയെ നീ ക്ഷമിക്കണമെ. എന്റെ ഈശോയെ! നിന്നെ ഉപദ്രവിക്കുന്നതിനേക്കാൾ ഇനി സകല വസ്തുക്കളേയും ഉപേക്ഷിപ്പാൻ ഞാൻ മനസ്സായിരിക്കുന്നു. സൃഷ്ടികളേ! ഇതേവരെ നിങ്ങൾ

എന്നെ തട്ടിച്ചു; ഇനി ഞാൻ നിങ്ങളുടെ മായങ്ങളിൽ അകപ്പെടുന്നതല്ല. എൻെറ ആത്മരക്ഷക്കു വിരോധമാകുന്ന വസ്തുക്കളേയും സ്ഥലങ്ങളേയും ഞാൻ വെറുത്തുപേക്ഷിക്കുന്നു. മറിയമേ! എൻെറ നല്ല അമ്മേ! സകല മോക്ഷവാസികളേ! ഇനി മേലാൽ ഇപ്രകാരം ഒരു നല്ല കുഞ്ഞായി ജീവിക്കുന്നതിനു നിങ്ങൾ എനിക്കു വേണ്ടി തമ്പുരാനോടു പ്രാർത്ഥിച്ചുകൊള്ളേണമേ. ആമ്മേനീശോ.

സ്വന്തം കൊച്ചച്ചൻ.

# ദിവ്യരക്ഷകൻെറ കഷ്ടാനുഭവസ്മരണ

അഥവാ

## ഒരു പൈതൽരക്തസാക്ഷി.

ക്രിസ്ത്വബ്ദം ൧൪൭൫-ൽ ഇററലിയിൽ ത്രെന്ത് എന്ന സ്ഥലത്തുള്ള യഹൂദന്മാർ അവരുടെ പ്രാർത്ഥനാലയത്തിൽ ഒരു ചൊവ്വാഴ്ച ദിനം ഒരു യോഗംകൂടി. അടുത്ത വ്യാഴാഴ്ച നാളായിരുന്നു അക്കൊല്ലത്തെ പെസ്സഹാതിരുനാൾ. ഇതു മോടിയായി കഴിക്കുന്നതിനു വേണ്ട ആലോചനകൾ നടത്തുകയായിരുന്നു പ്രസ്തുത യോഗോദ്ദേശ്യം. ക്രിസ്തീയ നാമത്തോടു തങ്ങൾക്കുള്ള വെറുപ്പിനേയും അറപ്പിനേയും സർവ്വത്ര പ്രദർശിപ്പിക്കുന്നതിനു ആ മഹാ അവസരത്തിൽ ഒരു ക്രിസ്തീയ പൈതലിനെ അറുത്തു ബലി കഴിക്കണമെന്നു 'സിനഗോഗിൽ' തീർച്ചചെയ്തു. ഏതദർത്ഥം ഒരു ക്രിസ്ത്യൻപൈതലിനെ ലഭിക്കുന്നതിനുള്ള വൈഷമ്യവും അവക്കുണ്ടായിരുന്നില്ല. എന്തുകൊണ്ടെന്നാൽ ആ ഭാരം ഒരു യഹൂദഭിഷഗ്വരൻ ഏററു കഴിഞ്ഞു.

ത്രന്തെ ക്രിസ്ത്യാനികളാൽ നിബിഡീകൃതമായ ഒരു ഗ്രാമമാണ്. വലിയ ബുധനാഴ്ച രാത്രി തെനേബ്രേ അഥവാ (ഇരുട്ടുകൊട്ടു) എന്ന തിരുച്ചടങ്ങിനു ഗ്രാമവാസികൾ മുഴുവനുംതന്നെ പള്ളിയിൽ പോയതു നമ്മുടെ പൈശാചിക അയാളുടെ ദുരുദ്ദേശ്യം സാധിക്കുന്നതിനു ഒരു നല്ലയവസരമായിത്തീർന്നു. ഒരു വീടിൻെറ പടിവാതുക്കൽ മണൽവാരി കളിച്ചുകൊണ്ടിരുന്ന രണ്ടു വയസ്സുമാത്രം പ്രായമുള്ള സൈമൺ എന്ന ഒരു കുഞ്ഞിനെ, അവൻ പലഹാരങ്ങളും മററും കൊടുത്തു് ആകർഷിച്ചു ആരുംകാണാതെ എടുത്തുകൊണ്ടുപോയി. സൈമൻെറ അപ്പനും അമ്മയും അന്നു വൈകുന്നേരം പള്ളിയിൽ പോയവരുടെ കൂട്ടത്തിൽ ഉൾപ്പെട്ടിരുന്നതിനാൽ വൈദ്യനു തൻെറ ഇരയുംകൊണ്ടു നിർബാധം സഞ്ചരിക്കാമായിരുന്നു.

അടുത്ത വ്യാഴാഴ്ച യൂദപ്രമാണികൾ സിനഗോഗിനു സമീപമുള്ള ഒരു കെട്ടിടത്തിൽ പ്രവേശിച്ചു. കശ്മലനായ നമ്മുടെ തസ്കരനും ഞെട്ടിവിറക്കുന്ന ഒരു കുട്ടിയോടുകൂടി ഇക്കൂട്ടത്തിൽ ഉൾപ്പെട്ടിരുന്നു എന്നു വിശേഷിച്ചു പറയണമെന്നില്ലല്ലൊ.

മനുഷ്യസഞ്ചാരം അടങ്ങുന്നതിനു അക്ഷമതയോടെ പാർത്തിരുന്ന ഈ ദുഷ്ടഗണം അർദ്ധരാത്രി ആയപ്പോൾ അവരുടെ ഭയങ്കരകൃത്യം ആരംഭിച്ചു. കുട്ടിയുടെ വായ് നിറച്ചു പഴന്തുണി തള്ളിക്കയറുകയായിരുന്നു അവർ പ്രഥമമായി ചെയ്തതു്. തദനന്തരം അതിൻെറ മൃദുലമായ ശരീരത്തിൽ ഒരു കത്തികൊണ്ടു പല മുറിവുകൾ ഏല്പിച്ചു രക്തം ഭദ്രമായി ഒരു കോപ്പയിൽ ശേഖരിച്ചു. തത്സമയം ചിലർ കുഞ്ഞിൻെറ കരങ്ങളെ കുരിശുരൂപത്തിലും വേറെ ചിലർ കാലിന്മേലും പിടിച്ചിരുന്നു. ഒടുവിൽ കുഞ്ഞു അർദ്ധപ്രാണനായി മൂർച്ഛിച്ചുവീണു്. അതിൻെറ ജീവൻ പിരിയുന്നതിനു പിന്നെ അധികം താമസം ഉണ്ടായിരുന്നില്ല. ഉടനെ അവർ അതിനെ വലിച്ചുനിവർത്തി; രണ്ടു പേർ കൈകൾ പിടിച്ചുകൊണ്ടിരിക്കയിൽ ശേ

ഷമുള്ളവർ അതിൻെറ ശരീരത്തിൽ നാരായങ്ങളും കത്തികളും സൂചികളും നിർദ്ദയം കുത്തിയിറക്കി. ഇതോടെ കുട്ടിയുടെ ആത്മാവും സ്വർഗ്ഗത്തിലേക്കു യാത്രയായി. അപ്പോൾ ആ രക്തമണിഞ്ഞ ശരീരത്തിനും ചുററും പ്രദക്ഷിണമായി നടന്നുകൊണ്ടു ആ ദുഷ്ടന്മാർ ഇങ്ങനെ പാടി. "ക്രിസ്ത്യാനികളുടെ ദൈവമായ യേശുവിനോടു ഞങ്ങൾ ഇപ്രകാരമാണു വർത്തിക്കുന്നതു്. ഇപ്പടി നമ്മുടെ ശത്രുക്കൾ നിത്യകാലത്തേക്കും നശിച്ചുപോകട്ടെ"

കുട്ടിയുടെ മാതാപിതാക്കന്മാർ പള്ളിയിൽനിന്നുവന്നു. ഗ്രാമവാസികൾ ഒന്നാകെ ഇളകി. പോലീസ്സുകാർ മുറക്കു അന്വേഷണങ്ങൾ നടത്തിത്തുടങ്ങി. യഹൂദന്മാർ ആദ്യം മൃതശരീരം കുറെ വൈക്കോലിൻെറ കീഴെ ഒളിച്ചുവെക്കുകയാണുണ്ടായതു. എന്നാൽ അവിടം സുരക്ഷിതമല്ലെന്നു കാണുകയിൽ ശരീരം എടുത്തു ഒരു നില അറയിൽ മറവുചെയ്തു. അന്വേഷണം മുറുകിയപ്പോൾ ഈ ഉള്ളറക്കും ആ നിഷ്കളങ്കശിശുവിൻെറ പാവനമേനിയെ ഗോപനം ചെയ്യുന്നതിനു തക്ക പാടവം ഇല്ലെന്നു ബോദ്ധ്യമായി. തന്മൂലം അവർ ആ തിരു ശരീരം എടുത്തു ആററിലേക്കു എറിഞ്ഞുകളഞ്ഞു.

ഇതൊന്നുകൊണ്ടും ഈ കഠിന സഹൃദയന്മാർക്കു അവരുടെ മഹാപാതകത്തെ ഗൂഹനം ചെയ്യുന്നതിനു സാധിച്ചില്ല. ആ മാലാഖാ സദൃശനായ ബാലൻെറ അവശിഷ്ടങ്ങളെ ഒളിക്കുന്നതിനു അവർ ചെയ്ത സകല കുതന്ത്രങ്ങളേയും ദൈവം വിഫലമാക്കി. പാപകർമ്മം അതിൻെറ സകല പരിസരങ്ങളോടുകൂടി അനാഛാദനം ചെയ്യപ്പെട്ടു. ഘാതകന്മാർ എല്ലാവരും വധിക്കപ്പെട്ടു. പ്രധാനികളിൽ ചിലരെ അഗ്നിയിൽ എറിയുകയും മററു ചിലരെ ചക്രത്തിന്മേൽ ചേർത്തുബന്ധിച്ചു എല്ലു നുറുങ്ങുന്നതുവരെ ഉരുട്ടുകയും ചെയ്തു. ഇതുകൊണ്ടും ട്രെന്തുനിവാസികൾ അടങ്ങിയില്ല. 'സിനഗോഗി'നെ പാടെ വിപാടനം ചെയ്തു. തൽസ്ഥാനത്തു ഈ ബാലരക്തസാക്ഷിയുടെ നാമത്തിൽ രമ്യമായ ഒരു കപ്പേള പണുതുയർത്തിയപ്പോൾ മാത്രമേ ഈ ദൈവദോഷകർമ്മം പൂർണ്ണമായി പരിഹരിക്കപ്പെട്ടതായിട്ടു അവരു കരുതിയൊള്ളു. യഹൂദജനം പില്ക്കാലത്തും ദിവ്യരക്ഷകൻെറ കഷ്ടാനുഭവത്തിൻെറ സ്മരണയെ ഈ വിധത്തിൽ നിലനിർത്തിക്കൊണ്ടു പോകുന്നതിനു ശ്രമിക്കയിൽ, നാം പ്രതിവത്സരം എത്രയോ സ്നേഹപൂർവ്വം തൻെറ ദുഃഖാനുഭവങ്ങളുടെ ഓർമ്മ കൊണ്ടാടേണ്ടിയിരിക്കുന്നു. ഫാദർ മാത്യു പുതിയിടം.



ദൈവസ്നേഹാഗ്നികൊണ്ടു സാക്ഷാൽ എരിവാൻ ആഗ്രഹിക്കുന്നവർ കൂടക്കൂടെ ഈശോ മ്ശിഹാകർത്താവിൻെറ കഷ്ടാനുഭവങ്ങളിന്മേൽ ധ്യാനിക്കണം. നമ്മുടെ ആത്മാവിൽ ദൈവസ്നേഹം ജ്വലിപ്പിക്കുന്നതിലേക്കു്, ഈശോ മ്ശിഹാ നമ്മുടെനേരെയുള്ള സ്നേഹത്തെക്കുറിച്ചനുഭവിച്ച വ്യാകുലതകളേയും നിന്ദാവമാനങ്ങളേയും കുറിച്ചു ധ്യാനിക്കുന്നിടത്തോളം ഉപയുക്തമായ ഭക്താഭ്യാസം വേറെ യാതൊന്നുമില്ലെന്നു് ഒരു വനവാസിക്കു വെളിപ്പെടുത്തപ്പെടുകയുണ്ടായി.

വി. അല്ഫോൻസ് ലിഗോരി.

ഉന്നതങ്ങളായ സ്വർഗ്ഗീയ കാര്യങ്ങളെപ്പററി ധ്യാനിക്കുന്നതിനു നിനക്കു അറിഞ്ഞുകൂടാത്തപക്ഷം, മിശിഹായുടെ പീഡാനുഭവങ്ങളിൽ നീ സമാശ്വസിക്കയും അങ്ങേ പരിശുദ്ധ മുറിവുകളിൽ സംതൃപ്തിയോടെ വസിക്കയുംചെയ്ക. എന്തുകൊണ്ടെന്നാൽ ഈശോയുടെ മുറിവുകളിലും, അങ്ങേ അമൂല്യ ക്ഷതങ്ങളിലും ഭക്തിപൂർവ്വം നീ അഭയംതേടുന്നുവെങ്കിൽ, നിൻെറ ഞെരുക്കങ്ങളിൽ അത്യന്തം ആശ്വാസത്തെ നീ അനുഭവിക്കും. (ക്രിസ്ത്വാനുകരണം ൨ പു. ൧ അ. ൪ വ.)

കർത്താവേ! മുറിവേററവനായി നിന്നെക്കണ്ടശേഷം, ഇനി മുറിവില്ലാത്തവനായി ജീവിപ്പാൻ ഞാൻ മനസ്സാകുന്നില്ല. വി. ബൊനവഞ്ചുരം.

# തിരുഹൃദയഭക്തന്മാർ ൧൯൨൮ മീനമാസത്തിൽ വെക്കേണ്ട പൊതുനിയോഗം.

## ‘കത്തോലിക്കാ വേലക്കാരുടെ സംഘങ്ങൾ’.



മനുഷ്യൻ അവന്റെ നെററിയിലെ വിയർപ്പുകൊണ്ടു അവന്റെ അപ്പത്തെ ഭക്ഷിക്കണമെന്നുള്ള വിധി തീർപ്പു പറുദീസായിൽ വച്ചു തന്നേയുണ്ടായിട്ടുള്ളതാണ്. അതിനാൽ മനുഷ്യൻ ഈ ലോകത്തിൽ ജീവിക്കുന്ന കാലത്തോളം ഓരോ വിധത്തിൽ അദ്ധ്വാനിക്കത്തന്നെ വേണം. എന്നാൽ എല്ലാവർക്കും ഈ അദ്ധ്വാനം ഒരേ തരത്തിലല്ല, സമ്പന്നന്മാർക്കു അതു കുറഞ്ഞിരിക്കും; നിർദ്ധനന്മാർക്കു അതു കൂടിയിരിക്കും. കുന്നും കുഴിയും, പർവ്വതവും താഴ്വരവും ഇടകലർന്നു ഈ ലോകത്തെ സൃഷ്ടിച്ചിരിക്കുന്ന ആ സൃഷ്ടികർത്താവുതന്നെയാണ് ലോകയന്ത്ര നടത്തിപ്പിലേക്കു ആവശ്യമായ ഇപ്രകാരമുള്ള കീഴ്മേല്ക്കൾ സ്ഥാപിച്ചുക്രമപ്പെടുത്തിയിരിക്കുന്നതു്. ഭൂമിയാസകലം ഒരു മൈതാനമാക്കിത്തീർക്കുന്നതിലേക്കുള്ള ശ്രമവും, മനുഷ്യരുടെ ഇടയിലുള്ള ഈ സ്ഥിതിഭേദങ്ങൾ നീക്കി ഏകരീതിയിലും സമനിലയിലും വരുത്തിവയ്ക്കുന്നതിനുള്ള ശ്രമവും ഏകദേശം ഒരുതരത്തിൽ പെട്ടവതന്നെ. ആദ്യത്തേതിന്നു ആരും ശ്രമിക്കുന്നില്ല; എന്നാൽ രണ്ടാമത്തേതു ശ്രമിച്ചാൽ സാധിക്കാമെന്നുതന്നെയാണ് ഇപ്പോഴുള്ള ചിലരുടെ വിചാരം. ഇങ്ങനെ വിചാരിച്ചു ശ്രമിച്ചുവരുന്ന ഒരു കൂട്ടരെയാണ് നാം സോഷ്യലിസ്റ്റസ് അഥവാ, സ്ഥിതിസമത്വവാദികൾ എന്നു പറയുന്നതു്.

ലോകത്തിലുള്ള സമസ്തവും പൊതുവിലാക്കി, എല്ലാ മനുഷ്യനും സമാവകാശവും, തുല്യപദവിയും, സ്ഥാപിച്ചുകൊടുക്കാമെന്നു ശഠിക്കുന്ന ഈ തരക്കാർ, ധനാഢ്യന്മാരുടെ നിർദ്ദയമായ മർദ്ദനത്തിന്നു വശംവദരായി വലയുന്ന നിരവധി സാധുജനങ്ങളുടെ അനുകമ്പയ്ക്കു പാത്രമായതിൽ അതിശയിപ്പാനില്ലല്ലൊ. അസാദ്ധ്യമായ ഇവരുടെ ഈ ആഗ്രഹസാദ്ധ്യത്തിനായുള്ള ശ്രമങ്ങൾ വർദ്ധിക്കുംതോറും മനുഷ്യസമുദായത്തിൽ പല കുഴപ്പങ്ങൾക്കും കാരണമാകുന്നുണ്ടു്. യൂറോപ്പിൽ പല രാജ്യങ്ങളിലും ഇവർ നിമിത്തം അനേക നാശങ്ങൾ സംഭവിക്കുന്നുണ്ടു്. പല പേരുകളിലായി പുതിയ പുതിയ ഓരോ കൂട്ടർ ഇവരോടു ചേർന്നുവരികയും ചെയ്യുന്നു. ബോൾഷെവീസം, ബോൾഷെവിക്കുകാർ എന്നിത്യാദി പേരുകളെല്ലാം ഇതിന്റെ ഓരോ നവീന അവതാരങ്ങളെന്നേ പറയാനുള്ളു. ആദ്യം മതവിരോധികളെന്നുള്ള ഭാവം ഇവർക്കു പൊതുവേ ഉണ്ടായിരുന്നില്ലെങ്കിലും ഇപ്പോൾ, തിരുസഭയുടെ വൈരികളായിട്ടും പരിണമിച്ചിരിക്കയാണ് ആകപ്പാടെ ഇവരു നിമിത്തം ലോകഗതി മഹാ പരിതാപകരമായ ഒരു പന്ഥാവിലാണ് എത്തിയിരിക്കുന്നതു്.

കത്തോലിക്കാസഭ ഇതിലേക്കു വേണ്ട പ്രതിവിധികൾ നോക്കാതിരിക്കുന്നില്ല. തന്റെ മക്കളായ സത്യവിശ്വാസികൾ ഈ മായാതന്ത്രങ്ങളിൽ വീണുഴലാതിരിപ്പാൻ വേണ്ട ഏർപ്പാടുകൾ എപ്പോഴും ചെയ്തുവരുന്നുണ്ടു്. കത്തോലിക്കാ മതനിബന്ധനകൾക്കൊത്തവണ്ണം ജീവിക്കയും, മതവിദ്വേഷികളുടെ ദുർബോധനങ്ങൾക്കെതിരായിനിന്നു എപ്പോഴും പോരാടുകയും ചെയ്യുന്ന വേലക്കാരുടെ സംഘങ്ങൾ ഈ ഇനത്തിൽ പ്രത്യേകം പ്രസ്താവയോഗ്യങ്ങളാകുന്നു. ഈ വിധ സംഘങ്ങളെക്കൊണ്ടു യൂറോപ്പിൽ പല രാജ്യങ്ങളിലും പറയത്തക്ക ഗുണം സിദ്ധിച്ചുവരുന്നുണ്ടു്.

ആകയാൽ അതുകളുടെ ഊർജ്ജിതമായ നടത്തലിന്റെ കാര്യത്തിൽ പരിശുദ്ധ പിതാവു സദാ ശ്രദ്ധ പതിച്ചുകൊണ്ടിരിക്കുന്നു. ഗൌരവമേറിയ ഈ വിഷയത്തിൽ മേല്ക്കുമേൽ വർദ്ധനവും, തന്നിമിത്തം തിരുസഭയ്ക്കു വിജയവും സിദ്ധിക്കുന്നതിന്നുവേണ്ടി തിരുഹൃദയഭക്തന്മാർ ഈ മാസത്തിൽ ഹൃദയപൂർവ്വം പ്രാർത്ഥിക്കണം.

## ചോദ്യപ്പെട്ടി.

പഴയനിയമത്തിൽ, മൂശ ശുദ്ധസ്ഥലത്തേയ്ക്കു പ്രവേശിക്കയിൽ പാദരക്ഷകൾ നീക്കണമെന്നു സർവ്വേശ്വരൻ ആജ്ഞാപിച്ചു. പുതിയ നിയമത്തിലെ പട്ടക്കാർ വിശുദ്ധ കർമ്മങ്ങൾ അനുഷ്ഠിക്കയിൽ പാദരക്ഷ ധരിച്ചിരിക്കണമെന്നാണു ഏർപ്പാട്. ഈ രണ്ടു കല്പനകളുടെ സാരാർത്ഥമെന്തു? വ്യത്യാസത്തിനു കാരണമെന്തു? എ. സി.

### ഉത്തരം.

പുറപ്പാട്ടപുസ്തകം ൩-ാം അദ്ധ്യായം ൫-ാം വാക്യത്തിൽ എരിയുന്ന മുൾപ്പടർപ്പിങ്കലേക്കു മൂശ അടുത്തു ചെല്ലുകയിൽ ദൈവം ഇങ്ങനെ കല്പിച്ചിരിക്കുന്നു. "ഇവിടേയ്ക്കു നീ അടുക്കരുതു്; നിന്റെ പാദങ്ങളിൽനിന്നു പാദരക്ഷയെ നീക്കുക; എന്തുകൊണ്ടെന്നാൽ നീ നില്ക്കുന്ന സ്ഥലം പരിശുദ്ധ സ്ഥലമാകുന്നു." പൂജ്യമായ ഒരു സ്ഥലമാണെന്നറിയാതെ, തക്ക ഭക്തി ബഹുമാനങ്ങൾ കൂടാതെ, വെറും കൌതുകത്തെക്കുറിച്ചു മാത്രം മൂശ അവിടേയ്ക്കു കയറിച്ചെല്ലുകയാണല്ലോ ഉണ്ടായതു. ആകയാൽ ഭക്തിബഹുമാനാദരങ്ങളുടെ ലക്ഷ്യമായി പാദുകങ്ങൾ നീക്കുന്നതിനു കല്പിക്കപ്പെട്ടതാണെന്നു, എവുസേബിയോസ്, ഹ്യൂഗോ വിക്റ്റോറിനൂസ്, റുപ്പർത്തൂസ്, കയത്താനൂസ് എന്ന ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. പുരാതന റോമ്മാക്കാരുടെയിടയിലും ഈ ബഹുമാന ചിഹ്നം ധാരാളം നടപ്പുണ്ടായിരുന്നു. സപാദുകന്മാരായി യജമാനന്മാരുടെ മുമ്പാകെ ഭൃത്യന്മാർ ഒരിക്കലും പ്രത്യക്ഷപ്പെട്ടിരുന്നില്ല. ബലികൾ അണെയ്ക്കുന്ന അവസരത്തിലും ലക്കദെമോനിയന്മാരാദിയായ പലജാതിക്കാർ ഈ ക്രമം തന്നെ അനുസരിച്ചുവന്നിരുന്നതായി പ്രസിദ്ധ ചരിത്രകാരനായ ജോസഫൂസ് പ്രസ്താവിക്കുന്നുണ്ട്. യൂദപുരോഹിതന്മാർ പൂജാർപ്പണാവസരത്തിൽ ഈ ക്രമം അനുഷ്ഠിച്ചിരുന്നതായി വേദാഗമത്തിൽ പ്രത്യക്ഷമായി പ്രസ്താവിക്കപ്പെട്ടു കാണുന്നില്ലെങ്കിലും പുറപ്പാടിന്റെ പുസ്തകം ൩൦-ാം അദ്ധ്യായം ൧൯-ാം വാക്യത്തിൽ നിന്നും അങ്ങനെ ഊഹിക്കേണ്ടിയിരിക്കുന്നു.

എന്നാൽ പുതിയ നിയമത്തിലെ പുരോഹിതന്മാർക്കു ദിവ്യ ശുശ്രൂഷാവസരങ്ങളിൽ പാദരക്ഷയുടെ ഉപയോഗം നിർബന്ധമായിട്ടാണ് സഭ നിശ്ചയിച്ചിരിക്കുന്നതു്. പഴയ നിയമത്തിലെ ചടങ്ങുകൾ ഒന്നു പാടെ സഭ സ്വീകരിച്ചിട്ടില്ലെന്നുള്ളതും, യഥേഷ്ടം പുതിയ ക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ടെന്നുള്ളതും, അതിനുള്ള അധികാരം തന്റെ ദിവ്യ സ്ഥാപകനിൽനിന്നു പ്രാപിച്ചിട്ടുണ്ടെന്നുള്ളതും പ്രത്യേകം പറയേണ്ടതില്ലല്ലൊ. എന്നാൽ ഈ വ്യത്യാസത്തിന്റെ സാരാർത്ഥം ശാസ്ത്രജ്ഞന്മാർ വിവക്ഷിക്കുന്നതു്, പാദരക്ഷ പുതിയ നിയമത്തിലെ വൈദികരുടെ പരിശുദ്ധതയുടെ അടയാളമാണെന്നും, മ്ശിഹായുടെ യോദ്ധാക്കളായ ഇവർ, നരക ശത്രുക്കളോടുള്ള യുദ്ധത്തിനും, സുവിശേഷ പ്രചാരാർത്ഥം എവിടേയ്ക്കും എപ്പോഴും പുറപ്പെടുന്നതിനും സദാ സന്നദ്ധരായിരിക്കണമെന്നും ആകുന്നു. ഇതിനാൽ വി. പൌലോസു അപ്പോസ്തോലൻ എഫേസൂസുകാർക്കുള്ള ലേഖനം ൬-ാം അദ്ധ്യായത്തിൽ ക്രിസ്തീയ ഭടന്റെ ആയുധങ്ങളെ വിവരിക്കയിൽ "സമാധാന സുവിശേഷത്തിന്റെ ഒരുക്കമാകുന്ന ചെരുപ്പു നിങ്ങൾ ധരിച്ചിരിക്കണം" എന്നു എഴുതിയിരിക്കുന്നു.

## „യൌസേപ്പിൻെറ പക്കൽ പോകുവിൻ"

### സമസ്യാപൂരണം.

മാലേശാത്തേജ്ജുദേവയും മരിയയുമുടനീ
ജിപ്തിലേയ്ക്കാനയിച്ചാ—
മാലോകക്കത്ഭുതം ചേപ്പ്തുപടിയവരെ
പ്പോററിയെന്നുള്ളതോർത്തു്
മായാബന്ധം വെടിഞ്ഞിട്ടവരുടെനികടേ
ചേരുവാൻ ലോകരെല്ലാം
മാർയൌസപ്പിങ്കലെത്തിസ്സകലവുമനുവ
ത്തിപ്പിനാജ്ഞാനുസാരം.

പ്രയോജകൻ ഫാദർ ജോസഫ് ഏണേക്കാട്ട്.

ഭൂയ്യൂൽസൗഖ്യം മനസ്സിന്നരുളിനവിവിധാ
കാരമാം ലോകമായാ—
കാര്യ്യൗഘത്തിൽക്കുടുങ്ങിട്ടിനമനുവലയും
മർത്ത്യരൊട്ടാകമാനം
വീര്യ്യൗജസ്സുംതഥാ വൻസുകൃതനിരകളും
ചേൻെറ മിന്നുന്ന ധന്യൻ
„മാര്യൗദസപ്പിങ്കലെത്തി. . . . .

പൊൻകുന്നം വി. ജെ. ജോസഫ്.

ദുര്യ്യോഗശ്ശക്തിമൂലം ധനസുഖ മഹിമാ—
വെന്നിതെല്ലാം നശിച്ചും
ഭൂയ്യാതങ്കം ഭവിച്ചും ശരണവിഗതരായ്
ജീവിതം ഹാ! നയിപ്പോർ
ധൈര്യ്യം തീരേ വെടിഞ്ഞാഭവജലധിയിലാ—
ഴാതലം കത്തിടുന്നോൻ
„മാർ യൌസേപ്പിങ്കലെത്തി. . .

ക്രൂക്കമററം സ്കറിയാ ഡീക്കൻ.

മായാമോഹം നശിക്കാൻ മനസികരുതിട്ടു
ന്നോരുമെന്നല്ല, രുക്കാ—
ലായാസപ്പെട്ടുവാഴും മനുജരുമതുപോൽ
മോക്ഷമാശിക്കുവോരും
മായാമായം ഹരിസ്സും 'മിശിഹ'യുടെ വള
ത്തപ്പനായിട്ടു വാഴും
„മാർയൌസേപ്പിങ്കലെത്തി . .

അതിരമ്പുഴ സി. എം. ദേവസ്യാ.

ഈജിപ്തിൻ മന്നവൻ തൻ പ്രജകളൊടരുളി
ച്ചെയ്യുപോലേത്തു നമ്മോ—
ടാജ്ഞാപിക്കുന്നു:- മർത്ത്യക്കനവധി ധനമെൻ
മന്ദിരംതന്നിലല്ലോ!
ദാരിദ്ര്യം നീക്കിടാനായുടനടിമമ ഭ
ണ്ഡാരേസ്സൂക്ഷിപ്പുകാരൻ
„മാർ യൌസേപ്പിങ്കലെത്തി. . .

റവ: ജോസഫ് കല്ലുങ്ങൽ, കാണ്ടി.

കായം സാത്താൻ ധരിത്രീവലയമിദമെഴും
ദുഷ്ടശത്രുക്കൾ മൂലം
മായംവ്യാപിച്ചു മാഴ്കും മനുജരെ! യഴൽ വി
ട്ടക്ഷതം ലാലസിപ്പാൻ
ശ്രേയസ്സോടൊത്തുവാനിൽ ഭരണമഹാ! നട
ത്തുന്നമന്ത്രീന്ദ്രനാകും
„മാർ യൌസേപ്പിങ്കലെത്തി. . .

മുകളയിൽ ജോസഫ് വാദ്ധ്യാർ നീണ്ടൂർ.

സാവ്ധാസ്സൽ രക്ഷനൽകാൻ ധരയിലുദിതനാം
മൂർത്തിയെപ്പോററിടാനാ—
യുവീശൻ പുഷ്ടിമോദാൽ വിജയമരുളിയോ
രേകപുണ്യാത്മദേഹം
കാമ്മൽകന്യാവരൻ കാരുണികമണിലസ
ത്ഭക്തിമാൻ സിദ്ധനാകും
മാർ യൌസേപ്പിങ്കലെത്തി. . .

കിടങ്ങൂർ, എം. സി. സെബാസ്റ്റ്യൻ.

ഘോരം സംസാരവാരാന്നിധിയുടെ തിരയിൽ
പ്പെട്ടു കഷ്ടപ്പെട്ടും നാ—
മാരും ത്രീതൈകസവ്വേശപരനുടെവിധിയെ—
ക്കോർക്ക; സന്തപൂരായോർ
നേരേ ചിത്താത്തിനീങ്ങുന്നതിനു മമഗുണാ
ഗാരകാര്യ്യസ്ഥനാകും
„മാർ യൌസേപ്പിങ്കലെത്തി. . .

സി. ജെ. മേരിദാസൻ, ആലപ്പുഴ.

നിർവ്വാണം വന്നടക്കുന്നളവിലിളവുക്രൂ
ടാതെ നമ്മെയലട്ടും
ക്രൌര്യ്യം ക്രൂടുന്നസാത്താ,നതിനുശകലവും
ഭേദമില്ലാത്തതല്ലോ;
ധൈര്യ്യത്തോടനു ദുഷ്ടപ്പരിഷയെയകല
ത്താട്ടിനീക്കേണമെങ്കിൽ
„മാർ യൌസേപ്പിങ്കലെത്തി. . .

പ്ലാക്കിയിൽ ജോൺ വാദ്ധ്യാർ

ശ്രേയസ്സൂക്ഷാമമെന്നും ജനതയിലരുളി
പ്പൂർണ്ണപുണ്യപ്രകാണ്ഡ—
ശ്രീയഞ്ചും പുണ്യവാനായ് സുരപുരിയമരും
ക്കേതദാസൻ മഹാത്മാ,
മായം വിട്ടുള്ള മർത്ത്യക്കഭിമതമരുളും
താതനെനൗദാര്യ്യ പൂർണ്ണൻ
„മാർ യൌസേപ്പിങ്കലെത്തി. . .

ററി. കെ. വക്കി, ചേർത്തല.

രോഗം മാറാൻ ഭിഷക്കിൻ വരുതിയൊരണുവും
 തെറ്റിടാതൌഷധത്തെ—
വേഗം സേവിക്കയെന്ന്യേ ശുഭമപരമെ
 ന്നുള്ള ചിന്തിച്ചിടുമ്പോൾ
അവ്വണ്ണം പാപശാന്തിക്കഖിലജനവുമീ
 നോമ്പുകാലം വിശിഷ്ടാ
"മാർയൌസേപ്പിങ്കലെത്തി...

എ. വി. മാത്യു, പാല.

ദാവീദിൻ ഗോത്രജൻ, സദ്ഗുണഗണനില
 ഭൂരികാരുണ്യശീലൻ, (യൻ,
ദ്യോവിന്നീശന്റെ പുത്രൻമുദമൊടു പദതാർ
 കൂപ്പിവന്നോരു ദിവ്യൻ,
ശ്രീവാഴ്ത്തും മേരികന്യാമണിയുടെ കണവൻ,
 മാമുനിശ്രേഷ്ഠവര്യൻ
"മാർ യൌസേപ്പിങ്കലെത്തി...

കെ. ടി. ലോന്നപ്പൻ ഞാറയ്ക്കൽ.

മേടമാസം. — സ്രഗ്ദ്ധരാവൃത്തത്തിൽ ഒരു "നന്മനിറഞ്ഞമറിയം".

# വർത്തമാനക്കുറിപ്പുകൾ.

കർദ്ദിനാൾ ന്യൂമാൻ എന്ന നാമം ഏറെക്കുറെ എല്ലാവർക്കും പരിചിതമായിരിക്കണം. എന്നാൽ, തന്റെ ൪൪-ാമത്തെ വയസ്സുവരേ ആംഗ്ലിക്കൻ സഭയുടെ പ്രസിദ്ധ നേതാവായി ഇംഗ്ലണ്ടിൽ പ്രശോഭിച്ചശേഷം, സത്യാന്വേഷണം വഴിയായി കടശി കത്തോലിക്കാസഭയിൽ പ്രവേശിക്കയും, ഗുരുപ്പട്ടമേറ്റു കർദ്ദിനാൾസ്ഥാനംവരേ എത്തുകയും, വൃദ്ധ വയസ്സുവരെ ജീവിക്കയും ചെയ്ത ഒരു വന്ദ്യദേഹമാണ് ഇദ്ദേഹമെന്നുള്ളതു അറിഞ്ഞിട്ടുള്ളവർ നമ്മുടെയിടയിൽ അധികമുണ്ടാകുമെന്നു തോന്നുന്നില്ല. അതിനാൽ വെള്ളരിങ്ങാട്ടു ബ. യാക്കോബുകത്തനാരവർകൾ, തന്റെ നവപൂജസ്മാരകമായി എഴുതി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പ്രസ്തുത പണ്ഡിതാഗ്രേസരന്റെ ജീവിതചരിത്രം ഒന്നു വാങ്ങി വായിച്ചുനോക്കുന്നതായാൽ, പത്തൊൻപതാം നൂറ്റാണ്ടിന്റെ നടുനായകമായ ഒരു ഗംഭീരാശയന്റെ അനുകരണീയങ്ങളായ പല മഹൽകൃത്യങ്ങളെ മനസ്സിലാക്കാവുന്നതുകൂടാതെ, കഴിഞ്ഞ ശതാബ്ദത്തിലെ ലോകചരിത്രത്തിന്റെ ഒരു ഏകദേശജ്ഞാനവും സിദ്ധിക്കുന്നതാണ്. "സാക്ഷാൽ ലോകോപകാരികൾ എന്ന അഭിധാനത്തിൽ ഫാദർ വെള്ളരിങ്ങാട്ട അവർകൾ പ്രസിദ്ധപ്പെടുത്താനുദ്ദേശിച്ചിട്ടുള്ള ഒരു ഗ്രന്ഥാവലിയുടെ ഒന്നാം പുസ്തകമാണിതെന്നും കാണുന്നതിൽ ഞങ്ങൾ അത്യന്തം സന്തോഷിക്കയും, സ്തുത്യർഹമായ അദ്ദേഹത്തിന്റെ ഈ ഉദ്യമത്തിൽ അദ്ദേഹത്തെ ഞങ്ങൾ അനുമോദിക്കയും ചെയ്യുന്നു.

* * *

"കുസുമ"ത്തിനു ദൈവാശീർവ്വാദം വർദ്ധിച്ചുകൊണ്ടുതന്നേയിരിക്കുന്നു എന്നുള്ള സന്തോഷവർത്തമാനമാണ് ഇത്തവണയും ആദ്യമായി ഞങ്ങൾക്കു അറിയിപ്പാനുള്ളതു്. വരിക്കാരുടെ സംഖ്യ നാലായിരത്തുങ്കലെത്തിയിരിക്കുന്ന വിവരം മാസികയുടെ അഭ്യുദയകാംക്ഷികളായ ഏവർക്കും ചാരിതാർത്ഥ്യജനകമായി ഭവിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

* * *

മാർ യൌസേപ്പുപിതാവിന്റെ മാദ്ധ്യസ്ഥപ്രഖ്യാപനത്തിന്റെ സ്വർണ്ണജൂബിലി കർമ്മലകുസുമത്തെസംബന്ധിച്ചേടത്തോളം ഒരു പ്രത്യേകമഹോത്സവമാണെന്നു പറയേണ്ടിയിരിക്കുന്നു. കർമ്മലീത്താസഭയുടെ നവീകരണക്കാരത്തിയായ വി. അമ്മത്രേസ്യായേപ്പോലെ ഈ പിതാവിന്റെ നേർക്കുള്ള ഭക്തി ലോകത്തിൽ പരത്തുന്നതിനു ശ്രമിച്ചിട്ടുള്ളവർ വേറെയധികം ഉണ്ടാകുമെന്നു തോന്നുന്നില്ല. ഈ ഭക്തി സർവ്വത്ര പ്രചരിപ്പിക്കുന്നതിനു പാടുപോലെ ശ്രമിക്കണമെന്നു, കർമ്മലീത്താസഭക്കാരോടെല്ലാം വി. അമ്മ ആജ്ഞാപിച്ചിട്ടുമുണ്ട്. നമ്മുടെ കേരളത്തിലെ ഒന്നാമത്തെ കർമ്മലീത്താ ആശ്രമം തന്നേ ഈ പരിശുദ്ധ മദ്ധ്യസ്ഥന്റെ നാമത്തിലാണല്ലൊ സ്ഥാപിക്കപ്പെട്ടിരിക്കുന്നതു. കേരളീയ കത്തോലിക്കരുടെ ഇടയിൽ യൌസേപ്പുപിതാവിന്റെ നേർക്ക് ഇന്നു കാണപ്പെടുന്ന അത്യാദർശമായ

ഭക്തിയുടെ ഒരു പ്രധാനഭാഗം, ഇതിൽനിന്നുൽഭവിച്ചിട്ടുള്ളതാണെന്നുള്ളതിനെപ്പററി സംശയിപ്പാൻ അവകാശമില്ല.

* * *

കഴിഞ്ഞ മാസം ൧൨-ാംനു- റോമ്മായിൽ പ്രൊപ്പഗാന്തസെമ്മിനാരിയിലെ വിദ്യാൎത്ഥികൾ പരിശുദ്ധ പിതാവു തിരുമേനിയേ സന്ദൎശിച്ചതായും പരേതനായ നി. വ. ദിവ്യശ്രീ. ളൂയീസു മെത്രാനച്ചൻ, തിരുമനസ്സിലേക്കു സമൎപ്പിച്ച ഒരു കുരിശുരൂപമാണു അവിടുന്നു സാധാരണ ഉപയോഗിക്കുന്ന ഒരു മേശയിൽ സ്ഥാപിച്ചിരിക്കുന്നതെന്നും ഞങ്ങളുടെ റോമ്മാലേഖകൻ എഴുതിയിരിക്കുന്നു.

* * *

കത്തോലിക്കാസഭയുടെ പ്രതിവൎഷമുള്ളവ വൎദ്ധനവു അതിശയനീയമായിരിക്കുന്നു. ഇംഗ്ലണ്ടിൽ കഴിഞ്ഞ ഒരു കൊല്ലത്തിൽ ൯൪൦൨ ആളുകൾ പ്രോട്ടസ്റ്റണ്ടു മതത്തിൽ നിന്നു സത്യസഭയിലേക്കു പ്രവേശിച്ചതായി ഒരു കണക്കിൽ കാണുന്നു. എന്നാൽ ഇതിലും ആശ്വാസപ്രദമായിട്ടുള്ളതു യൂദന്മാരുടെ മാനസാന്തരമാണ്. ഇംഗ്ലണ്ടിൽ നിന്നു പുറപ്പെടുന്ന "യൂണിവേഴ്സ്" എന്ന പത്രത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു. "ഇസ്രായേലിന്റെ മനസ്സുതിരിവിനായി നവനാൾ കുറുബാന ചൊല്ലിക്കുന്നതിനായിട്ടു ഒരു യൂദൻ, കത്തോലിക്ക മതാവലംബിനിയായ തന്റെ ഭാൎയ്യക്കു ൫൦൦ ഫ്രാങ്ക് അയച്ചുകൊടുത്തിരിക്കുന്നതു കൂടാതെ, ബെയ്സ്വാക്കർ എന്ന സ്ഥലത്തെ കത്തോലിക്കു സംഘത്തിനു ൨൦൦ ഫ്രാങ്കും അയച്ചുകൊടുത്തിരിക്കുന്നു. ഭാൎയ്യയും മക്കളും കത്തോലിക്കരായിരിക്കുന്ന വേറൊരു യൂദൻ, മക്കളോടുകൂടെ കത്തോലിക്കദേവാലയത്തിൽ പോകുകയും, അവരോടൊന്നിച്ചു വീട്ടിൽ ജപമാല എത്തിക്കയും ചെയ്യുന്നുണ്ട്. മൊൻറുറീയൽ എന്ന സ്ഥലത്തു ഒരു കുടുംബം യൂദന്മാർ മുഴുവൻ മനസ്സുതിരിഞ്ഞിരിക്കുന്നു. റുമേനിയായിൽ ജാസ്സി എന്ന സ്ഥലത്തു ഒരു യൂദപ്രഭ്വിയും മൂന്നു മക്കളും ജ്ഞാനസ്നാനം സ്വീകരിക്കയുണ്ടായി. പാരീസിലെ ഒരു പ്രസിദ്ധ യൂദൻ ഈയിടെ മാമ്മോദീസാ മുങ്ങി, മുമ്പിലത്തെ ഒപ്പുറുശുമായും കൈക്കൊണ്ട ശേഷം, സിയോൻ നാഥയുടെ കപ്പേളയിൽ വച്ചു ആദ്യ കുറുബാന കൈക്കൊള്ളപ്പാട്ടു കഴിച്ചിരിക്കുന്നു. ബുഡാപ്പെസ്റ്റിലെ സിയോൻ നാഥയുടെ ചാപ്പലിൽവച്ചും കുറേമുമ്പു ആറു യൂദന്മാർ ജ്ഞാനസ്നാനം സ്വീകരിച്ചു. അവിടത്തെ കൎദ്ദിനാൾ മെത്രാപ്പോലീത്തായുടെ മേൽനോട്ടത്തിൻകീഴ ആഴ്ചയിൽ മൂന്നുപ്രാവശ്യം അവിടെ യൂദന്മാൎക്കായി പ്രത്യേക വേദോപദേശവും നടത്തിവരുന്നുണ്ട്.

* * *

ചവറയിൽനിന്നു പുറപ്പെട്ടുതുടങ്ങിയിരിക്കുന്ന "കേരളീയ കത്തോലിക്കന്റെ" ഒന്നാം ലക്കം നന്ദിപൂൎവ്വം ഞങ്ങൾ കൈപ്പററി. അകമേയും പുറമേയും കത്തോലിക്കനായിപ്പരിലസിച്ചു കാണ്മാനുള്ള പ്രാൎത്ഥനയോടുകൂടി പുതിയ സഹജീവിക്കു ഞങ്ങൾ സൎവ്വമംഗളവും ആശംസിച്ചുകൊള്ളുന്നു. ഇതിനുള്ള വരിസംഖ്യ ഒരു കൊല്ലത്തേക്കു മുൻകൂർ രണ്ടു ബ്രിട്ടീഷ് രൂപയാണ്.

* * *

പലസ്തീനായിലുള്ള 'ഒടുക്കത്തെ അത്താഴശാല' ക്രിസ്തീയ ജനത്തിനു എത്ര പൂജ്യമായ ഒരു സ്ഥലമാണെന്നുപറയേണ്ടതില്ലല്ലൊ. അവിടെയാണ് ദിവ്യകാരുണ്യസ്ഥാപനം നടന്നതു. പന്തക്കുസ്താദിവസത്തിൽ പരിശുദ്ധാത്മാവു ഇറങ്ങിയതും അവിടെയാണ്. പരിശുദ്ധ ദൈവജനനിയുടെ ഭാഗ്യമരണം സംഭവിച്ചതും അവിടെവച്ചുതന്നേ. ൧൫൨൧-ാം കാലം മുതൽ ഇന്നേവരെ അതു തുലുക്കരുടെ കൈവശമായിരുന്നു. ഇപ്പോൾ തുക്കിസുൽത്താൻ അതു ക്രിസ്ത്യാനികൾക്കു വിട്ടുകൊടുക്കയും ഫ്രാംസീസ്കോസു സഭക്കാർ ആ തിരുസ്ഥലത്തു പ്രവേശിച്ചു ദിവ്യകൎമ്മങ്ങൾ നടത്തിത്തുടങ്ങുകയും ചെയ്തിരിക്കുന്നു.

## മനോഗുണവിവരങ്ങൾ.

൧. എന്റെ ഭാൎയ്യക്കു നാലഞ്ചുമാസമായി കൂടക്കൂടെ വന്നുകൊണ്ടിരുന്ന ബോധക്ഷയം ചെങ്ങളത്തു മാർ അന്തോനീസിന്റെ സഹായത്താൽ നീങ്ങി സുഖം പ്രാപിച്ചിരിക്കുന്നു. ൧ രൂ. മണിയോർഡർ അയക്കുന്നു.

൨. എന്റെ സഹോദരീപുത്രിക്കു രണ്ടു മാസത്തോളം വിഷമജ്വരം പിടിപെടുകയും പല വിദഗ്ദ്ധന്മാരായ ഡോക്ടർമാരുടെ ചികിത്സകളാൽ യാതൊരു ഭേദവും കാണാതിരിക്കയും ചെയ്തു. ഉടനെ, നമ്മുടെ കർത്താവിന്റെ തിരുഹൃദയത്തോടു മുട്ടിപ്പായി അപേക്ഷിക്കയും വിവരം 'കുസുമ'ത്തിൽ പ്രസിദ്ധംചെയ്യാമെന്നു നേരുകയും ചെയ്തു. തൽഫലമായി രോഗം ഇപ്പോൾ പൂർണ്ണമായി ശമിച്ചിരിക്കുന്നു. ഒരു രൂപാ ഇതോന്നിച്ചയക്കുന്നു.

പി. ഡി. ത്രേസ്യാ, കോതമംഗലം.

൩. ഞങ്ങൾക്കു വീട്ടുവേലയ്ക്കു ഒരാളെ കിട്ടാതെ കഷ്ടപ്പെട്ടുകയായിരുന്നു. ചെങ്ങളത്തു മാർ അന്തോനീസുപുണ്യവാന്റെ സഹായത്താൽ ഞങ്ങൾക്കു ഒരു നല്ലവേലക്കാരിയെ കിട്ടി. ഞങ്ങളുടെ ബുദ്ധിമുട്ടുകൾ എല്ലാം ഇപ്പോൾ തീർന്നിരിക്കുന്നു. വിവരം കുസുമത്തിൽ പ്രസിദ്ധം ചെയ്യാമെന്നും ഞങ്ങൾക്കു നേർച്ചയുണ്ട്. പരസ്യക്കൂലി അഞ്ചലിൽ അയക്കുന്നു.

മിസ്സ്ട്രസ് ആഞ്ഞസ്, കുമ്പളങ്ങി.

൪. എന്റെ മകൾ എട്ടു വയസ്സ് പ്രായമുള്ള അന്ന എന്ന പെൺകുട്ടിക്ക് ഈ മാസം ൨-ാം തിയതി ഒരു പനി ആരംഭിക്കയും ആ പനിഭേദപ്പെട്ടുവരികയിൽ ൪-ാം തീയതി കുട്ടിയുടെ ശരീരം മുഴുവൻ ശക്തിയായ നീരു വന്നു കൂടുകയും അതിനു ചില ചികിത്സകൾ ചെയ്തുകൊണ്ടിരിക്കുകയും ൧൦-ാം തീയതി പകൽ ൧൨ മണി സമയം ശരീരം മുഴുവൻ ഭയങ്കരമായ വിധത്തിൽ ഒരു വിറയൽ തുടങ്ങുകയും വിദഗ്ദ്ധന്മാരായ വൈദ്യന്മാരെ വരുത്തി കാണിച്ചു ചികിത്സിപ്പിച്ചതിൽ അസാദ്ധ്യമെന്നു അവരും മററു കാഴ്ചക്കാരും തീർച്ചപ്പെടുത്തുകയും ചെയ്തു. ആശയററു വ്യസനിച്ചുകൊണ്ടിരുന്ന ഞാനും എന്റെ ഭാര്യയും മററു സഹോദരന്മാരും തിരുഹൃദയത്തിന്റെ ഒരു സ്വരൂപം പെൺകുട്ടിയുടെസമീപത്തുവച്ചുകൊണ്ടു തിരുഹൃദയത്തിന്റെ നവനാൾജപം ആരംഭിക്കയും ഞാനും എന്റെ ഭാര്യയും പെൺകുട്ടിയും മരണംവരെക്കും തിരുഹൃദയ സഭയിൽ ചേർന്നു മാസക്രമപ്രകാരം നടത്തിക്കൊള്ളാമെന്നു ഞാൻ നേരുകയും ചെയ്തു. അനന്തരം ബോധമില്ലാതെ ഭയങ്കരമായ വിറയലോടുകൂടി മരണപ്രമാദത്തിൽ കിടന്ന കുട്ടിയുടെ വിറയലും ബോധക്കേടും മാറിപ്പോകയും ആഹാരങ്ങൾ ഉപയോഗിക്കുകയുംചെയ്തു. വീണ്ടും പരിശോധിക്കുകയിൽ പ്രത്യക്ഷമായി കണ്ടതായ സുഖത്തെ സംബന്ധിച്ചു വൈദ്യന്മാരും അവിടെയുണ്ടായിരുന്ന സകല ആളുകളും അത്ഭുതചിത്തന്മാരായിതീന്നു. ഈശോയുടെ മധുരമേറുന്ന തിരുഹൃദയകാരുണ്യംമൂലം കുട്ടി ഇപ്പോൾ പൂർണ്ണസുഖം പ്രാപിച്ചിരിക്കുന്നു.

അരങ്ങാംപറമ്പിൽ വക്കി അന്ത്രപ്പേർ.

൫. ചെങ്ങളത്തെ സെൻറ് അന്റണിയുടെ അനുഗ്രഹത്താൽ ആപൽക്കരമായി തോന്നിയ എന്റെ മാതാവിന്റെ ഇത്തവണത്തെ പ്രസവം ശുഭമായി കഴിഞ്ഞുകൂടി. പ്രസവാനന്തരം ഇപ്പോഴുള്ള സുഖക്കേടും ആ വിശുദ്ധന്റെ അനുഗ്രഹത്താൽ ഭേദമാകുമെന്ന് പൂർണ്ണമായി വിശ്വസിക്കുന്നു.

ഏ. കേ. പി. ശാസ്താംകോട്ട്.

## ചരമവാർത്തകൾ.

കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചതാഴെപ്പറയുന്ന ആളുകളുടെ ആത്മാനുകൂല്യത്തിനായി കുസുമവായനക്കാർ പ്രാർത്ഥിപ്പാറാകണം.

(൧) വരാപ്പുഴ പുത്തൻപള്ളി ഇടവക വിതയത്തിൽ വക്കി ഔസേപ്പിന്റെ ഭാര്യ ത്രേസ്യാ, മകരം ൧൫നു- ശനിയാഴ്ച. ൭൨ വയസ്സ്. (൨) ഇലഞ്ഞിപ്പള്ളി ഇടവക തോട്ടുവേലിൽ ഏലി. ധനു ൧൭നു- ൮൦ വയസ്സ്. (൩) പാലാപ്പള്ളിയിടവക തലച്ചിറ ചീരാംകുഴിയിൽ വക്കി തൊമ്മൻ അവർകളുടെ പുത്രി അന്ന, ധനു ൧൨നു- ഞായറാഴ്ച ൨൩ വയസ്സ്. (൪) തൃക്കൊടിത്താനം പള്ളിയിടവക മണ്ണാകുന്നേൽ മാത്തു ചാക്കോ, ധനു ൨൧നു- ൩൩ വയസ്സ്. (൫) തുരുത്തി ഇടവക ചാലയ്ക്കൽ പോത്തൻവക്കി ധനു ൧൩നു-, ൭൫ വയസ്സ്. (൬) കുമ്പളം പള്ളിയിടവക വല്യവിളവീട്ടിൽ പാവുൾ വസ്ത്യൻ ഫർണാന്തീസ് ജനുവരി ൨൫നു- ചൊവ്വാഴ്ച.

# പഞ്ചാംഗം

ഞായറാഴ്ച അക്ഷരം .ബ — ൧൦൯൬ — എപ്പക്തി ൨൧

## ൧൯൨൧ മാർച്ച ൧൦൯൬ കുംഭം മീനം.

| | | | | | |
|---|---|---|---|---|---|
| 1 | 18 | ചൊ | † അം. മെ൪. തേത്തോസു ന. ആ. ക. പെ. (ഫെ. ൬) | | വെ. |
| 2 | 19 | ബു | ക. വേദ അപ്പോ. ന. ആ. ക. പെ. (ഫെ. ൯) | | ധൂ. |
| 3 | 20 | വ്യാ | † അം. വേദ. പത്രോസു ന. ആ. ക. പെ. (ഫെ. ൧൭) | | ധൂ. |
| 4 | 21 | വെ | † ന. ക. തിരുമുറിവു ❊ ദുഃഖ (ഒരുനേരം) | | ധൂ. |
| | | | ഇന്നു വിശുദ്ധ പ്രംസീ. ശവയ്യാർ മനോജ്ഞ. നവനാൾ തുടങ്ങുന്നു. | | |
| 5 | 22 | ശ | പാ. വേദ. ലൂസി. ന. ആ. ക. പെ. (ഇന്നലെ) | | റോ. |
| 6 | 23 | ഞാ | ✠ നോമ്പിന്റെ ൪–ാം ഞാ. ന. ക. ആ. | . പ്രഥ. ഉ. ഷ | റോ |
| 7 | 24 | തി | മ. മെ൪. തോമ്മാ. ന. ആ. ക. പെ. | | വെ. |
| 8 ◉ | 25 | ചൊ | † മെ൪. യോഹന്നാൻ ന. ആ. ക. പെ. | | വെ. |
| 9 | 26 | ബു | നാല്പതു വേദസാക്ഷികൾ ന. ആ. ക. പെ. | | ധൂ. |
| | | | നാളെ മാർ യൌസേപ്പുപിതാവിൻ മരണത്തിരു. നവനാൾ തുടങ്ങുന്നു. | | |
| 10 | 27 | വ്യാ | † വി. പ്രംസീസ്സാ. ന. ആ. ക. പെ. (ഇന്നലെ) | | വെ. |
| 11 | 28 | വെ | † ന. ക. തിരുരക്തം ❊ ദുഃഖ | | ധൂ. |
| 12 | 29 | ശ | പാ. മല്പാ. ഗ്രിഗോരി ന. ആ. ക. പെ. | | വെ. |
| | | | ഇന്നു റംശായിക്കു മുമ്പു സ്വരൂപങ്ങൾ മൂടുന്നു. | | |
| 13 | 30 | ഞാ | ✠ നോമ്പ. ൫–ാം ഞാ. ന. ക. ആ. | കറുത്തവാവു. ൧൦. ൦. ൨ | റോ. |
| 14 | 1 | തി | † മ. അപ്പ. ക്രൂറ ന. ആ. ക. പെ. (ഇ൪. ൬) | | വെ. |
| 15 | 2 | ചൊ | പാ. വേദ. ഹ്വിലനാ. ന. ആ. ക. പെ. (ജനു. ൧൭) | | ധൂ. |
| 16 | 3 | ബു | † വന. അബ്രാഹം. ന. ആ. ക. പെ. | | വെ. |
| 17 | 4 | വ്യാ | † അം. മെ൪. പത്രിസിയോസ്. ന. ആ. ക. പെ. | | വെ. |
| 18 | 5 | വെ | † ഗെ൪റിയേൽ മാലാഖാ ന. ആ. ക. പെ. (ഒരുനേരം) | | വെ. |
| 19 | 6 | ശ | മാർ യൌസേപ്പു ന. ക. പെ. | | വെ. |
| | | | വി. യൌസേപ്പിന്റെ മരണത്തിരുനാൾ മാന്നാനം, ശമ്പക്കുളം ഈ ദേവാലയങ്ങളിൽ ആഘോഷിക്കപ്പെടുന്നു. | | |
| 20 | 7 | ഞാ | ✠ ഓശാന ന. ക. ആ. | . ൧൦ . ൯ . ൨ | റോ. |
| 21 | 8 | തി | വലിയ ആഴ്ച. ന. ക. ആ. | | റോ. |
| 22 | 9 | ചൊ | വലിയ ആഴ്ച. ന. ക. ആ. | | റോ. |
| 23 ◉ | 10 | ബു | വലിയ ആഴ്ച. ന. ക. ആ. | | റോ. |
| 24 | 11 | വ്യാ | (✠) തിരു വ്യാഴം ന. ക. ആ. | | വെ. |
| 25 | 12 | വെ | (✠) ദുഃഖവെള്ളി ഒരുനേരം ന. ക. ആ. | | ക. |
| 26 | 13 | ശ | ദുഃഖശനി ന. ക. ആ. (ഒരുനേരം.) | | വെ. |
| 27 | 14 | ഞാ | ✠ ഉയിർപ്പു ന. ക. ആ. | വെളുത്തവാവു . ൨ . ൧൭ | വെ. |
| 28 | 15 | തി | (✠) എം. ന. ക. ആ. | ൨ | വെ. |
| 29 | 16 | ചൊ | (✠) എം. ന. ക. ആ. | ൩ | വെ. |
| 30 | 17 | ബു | (✠) എം. ന. ക. ആ. | ൪ | വെ. |
| 31 | 18 | വ്യാ | എം. ന. ക. ആ. | ൫ | വെ. |

✠ ഈ അടയാളം എല്ലാവൎക്കും കടമുള്ള ദിവസം. (✠) കടം നീക്കപ്പെട്ട ദിവസം (ഇ. വി.) ഇറച്ചിവിലക്കുള്ള ദിവസം. † പുതുതായി ചേൎക്കപ്പെട്ട തിരുനാളുകൾ.

Printed and Published for the Proprietor by P. K. Joseph
at St. Joseph's Press, Mannanam, 1921.

Regi: No. M. 365. Registered No

പരസ്യക്കാർക്കു്! നല്ല അവസരം!

## കർമ്മലകുസുമം.

തിരുവിതാംകൂർ, കൊച്ചി, ബ്രിട്ടീഷ് മലബാർ, സിലോൺ എന്നീ പ്രദേശങ്ങളിലായി ൪൦൦൦ വരിക്കാരുള്ള ഈ മാസിക പരസ്യങ്ങൾക്കുതക്ക സ്ഥലമാകുന്നു.

### പരസ്യക്കൂലി.

| | കാൽ പേജ്. | അര പേജ്. | ഒരു പേജ് |
|---|---|---|---|
| ഒരു മാസം. | ൪ രൂ. | ൭ രൂ. | ൧൨ രൂ. |
| ൩. മാസം. | ൧൦ ,, | ൨൦ ,, | ൩൦ ,, |
| ൬ മാസം. | ൨൦ ,, | ൩൫ ,, | ൬൦ ,, |
| ൧൨ മാസം. | ൩൫ ,, | ൬൦ ,, | ൧൦൦ ,, |

പരസ്യക്കൂലി മുമ്പേറു അടച്ചിരിക്കണം. ദീർഘകാലത്തേയ്ക്കുള്ള പരസ്യങ്ങൾക്കു പ്രത്യേക നിരക്കു അനുവദിക്കുന്നതാണ്.

മാനേജർ, കർമ്മലകുസുമം. മാന്നാനം.

---

## കത്തോലിക്കമതതത്വങ്ങൾ.

പല കൂടുതൽ വിവരങ്ങളോടുകൂടിയ രണ്ടാംപതിപ്പു ഇതാ പുറപ്പെട്ടിരിക്കുന്നു. കേരളത്തിലെ എല്ലാ വൈദികമേലദ്ധ്യക്ഷന്മാരുടേയും പ്രത്യേക പ്രശംസയ്ക്കു പാത്രമായിരിക്കുന്ന ഈ വിശിഷ്ടഗ്രന്ഥം എല്ലാ കത്തോലിക്കകുടുംബങ്ങളിലും വിദ്യാലയങ്ങളിലും പ്രവേശിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

എറണാകുളം മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു ഇതേപ്പറ്റി ഇങ്ങനെ എഴുതിയിരിക്കുന്നു.

“... കത്തോലിക്ക മതതത്വങ്ങൾ എന്ന പുസ്തകം ഞാൻ നോക്കി. കത്തോലിക്കർ അവശ്യം അറിഞ്ഞിരിക്കേണ്ട തത്വങ്ങൾ എല്ലാം അതിൽ തെളിവായി പറഞ്ഞിട്ടുള്ളതുകൊണ്ടു് ആ പുസ്തകം എല്ലാകുടുംബങ്ങളിലും ഉണ്ടായിരിക്കേണ്ടതും, എല്ലാവരും വായിക്കേണ്ടതുമാണെന്നു നിസ്സംശയം പറയാം. കത്തോലിക്കർക്കു മാത്രമല്ല, കത്തോലിക്കാ മതതത്വങ്ങൾ എന്തെന്നറിവാൻ ആഗ്രഹമുള്ള അകത്തോലിക്കർക്കും ഇതു വളരെ നല്ലതാണ്. . .”

വില ൩ ചക്രം മാത്രം. ഉടനെ അപേക്ഷിക്കുക. മാനേജർ,

സെൻറു ജോസഫ്സ് പ്രസ്സ് മാന്നാനം.

---

## ചതുർവ്വിധോത്തരീയങ്ങൾ.

മരിയമഹാജനസഭയുടെ ഒരു ചെറിയ സ്മാരകമായി കേരളീയകർമ്മലീത്താസന്യാസപുരോഹിതരിൽ ഒരുവൻ രചിച്ചിരിക്കുന്ന ഒരു നവീനപുസ്തകം. കർമ്മല ഉത്തരീയം, അമലോത്ഭവമാതാവിൻെറ നീലഉത്തരീയം, വ്യാകുലമാതാവിൻെറ ഉത്തരീയം, പങ്കപ്പാടിൻെറ ഉത്തരീയം ഇതുകളെ ധരിക്കുന്നവരും ധരിപ്പിക്കുന്നവരും അറിഞ്ഞിരിക്കേണ്ട സകല വിവരങ്ങളും, പുതിയ ഡിക്രേത്തുകൾക്കനുസരിച്ചു വിശദമായി ഇതിൽ എഴുതിയിട്ടുണ്ട്. ഉത്തരീയങ്ങൾ സംബന്ധിച്ച പല തെറ്റുകളും സംശയങ്ങളും ഈ പുസ്തകം തീർത്തുതരും. റോയൽ ൩൨-ൽ ൧൬൦ പക്കങ്ങളുള്ള ഈ പുസ്തകത്തിനു ൩ അണയേ വില വച്ചിട്ടുള്ളു.

സൂപ്രണ്ട്, സെൻറു ജോസഫ്സ് പ്രസ്സ്, മാന്നാനം.